# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/Tvm/GP8/1287/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/11/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/Tvm/GP8/1287/2021 തീയ്യതി: 11/11/2021

## തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 60 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 02-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 02-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി വാലന്റീന.എം., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി വിലാസിനി.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി അരുണപ്രഭ.എ).ആർ | സെക്രട്ടറി | 01-04-2019 | 13-05-2019 |
| ശ്രീ. ചന്ദ്രഹാസൻ.ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-05-2019 | 15-07-2019 |
| ശ്രീമതി ഷീബ.കെ.എസ്. | സെക്രട്ടറി | 16-07-2019 | 21-07-2019 |
| ശ്രീ. സുധീരൻ.എം.എസ്. | സെക്രട്ടറി | 22-07-2019 | 27-10-2019 |
| ശ്രീ. സ്റ്റാർലി.ഒ.എസ്. | സെക്രട്ടറി | 28-10-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി മുരുകൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സോഫിയ.എ). | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ധന്യദേവ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ. വിനീത.ആർ.പുഷ്കരൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. പ്രീത.ബി.എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി സിനി.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി സുജ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി സജിത.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുസ്മിത.കെ.എ),സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 04-09-2019 |
| ശ്രീ. പ്രഭുലാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-09-2019 | 21-01-2020 |
| ശ്രീമതി ബീന.പി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-01-2020 | 31-03-2020 |
| ശ്രീ. ചന്ദ്രഹാസൻ.ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04- | 22-07- |

| | | | |
|---|---|---|---|
| | | 2019 | 2019 |
| ശ്രീമതി ലത കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 31-07-2019 |
| ശ്രീമതി ശ്രീരേഖ.ബി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 | 14-08-2019 |
| ശ്രീമതി ലത കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 15-08-2019 | 03-09-2019 |
| ശ്രീ. ബിനു.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 04-09-2019 | 31-03-2020 |
| ശ്രീ.ശ്രീകുമാർ ജി.എസ് | ഹെഡ്മാസ്റ്റർ, ഗവ യു.പി.എസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: VALANTEENA.M (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: VALANTEENA.M (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-4 |
| 6 | ചെലവഴിക്കാത്ത സംയുക്തപ്രൊജക്ട് തുക തിരികെ അടവാക്കിയില്ല<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-4-1 |
| 7 | കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-4-2 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഉം ACR ഉം പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-4-3 |
| 9 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 02-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: VALANTEENA.M (Audit Officer, On 31-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 02-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-7 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകി- 2,73,700/- രൂപ സർക്കാരിന് നഷ്ടം<br>Written By: Praveen N.G (Asst. Audit Officer, On 02-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-7-1 |
| 13 | സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 02-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-10-2021) | 1-7-2 |
| 14 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Manesh.B.H (Audit Officer, On 30-08-2021) | 1-10 |

| | | |
|---|---|---|
| 17 | ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-11 |
| 18 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-12 |
| 19 | FTEAOS ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-13 |
| 20 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-14 |
| 21 | തൊഴിൽ നികുതി-അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-15 |
| 22 | കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-16 |
| 23 | ലേലം - കടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-17 |
| 24 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-18 |
| 25 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-19 |
| 26 | പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 30-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-20 |
| 27 | പാലിയേറ്റീവ് കെയർ പദ്ധതി- ബോധവത്ക്കരണ പരിപാടി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുക ചെലവഴിച്ചു<br>Written By: Praveen N.G (Asst. Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-21 |
| 28 | പി എച്ച് സി ഓഫീസിൽ ഭൗതിക സാഹചര്യം ഒരുക്കൽ - അപാകതകൾ - 99950/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Praveen N.G (Asst. Audit Officer, On 02-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-22 |
| 29 | പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 02-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-23 |
| 30 | കായിക സമ്പൂർണ്ണത കൈവരിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ. 5,79,989/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-24 |
| 31 | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 795981/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-25 |
| 32 | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| | Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | |
| 33 | കിണർ റീ ചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകത<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-27 |
| 34 | ഓഡിറ്റ് ഇംപാക്ട് -തെങ്ങുകൃഷി വികസനം - അധികം നൽകിയ തുക തിരികെ ഒടുക്കി<br>Written By: Sarath J Sankar (Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-28 |
| 35 | പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-29 |
| 36 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-30 |
| 37 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-31 |
| 38 | പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികളില്ല<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-32 |
| 39 | ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-33 |
| 40 | പാലിന് സബ്സിഡി - വകയിരുത്തുന്ന ഫണ്ടിന്റെ വിനിയോഗം ഉറപ്പാക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-34 |
| 41 | കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-35 |
| 42 | ഓവർഹെഡ് ചാർജ് ഇനത്തിൽ അധികച്ചെലവ്<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-36 |
| 43 | ആധുനിക ശ്മശാനത്തിന് ചുറ്റുമതിൽ – ഭാഗികമായി നടപ്പാക്കി ഉപേക്ഷിച്ചു<br>Written By: Manesh.B.H (Audit Officer, On 04-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-37 |
| 44 | ലൈഫ് ഭവനപദ്ധതി വ്യക്തിഗത ടോയ്ലറ്റ് നിർമാണം - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ - ചെലവ് തുക 4,20,000/- തടസ്സപ്പെടുത്തുന്നു.<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-38 |
| 45 | മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-39 |
| 46 | വി ഇ ഓ യുടെയും സെക്രട്ടറിയുടെയും പേരിലുള്ള നിഷ്ക്രിയ അക്കൗണ്ടിൽ 251863/-രൂപയുടെ ബാലൻസ് തുക നിലനിർത്തിയിരിക്കുന്നു.<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-40 |
| 47 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ - അപാകങ്ങൾ<br>Written By: VALANTEENA.M (Audit Officer, On 05-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-41 |
| 48 | വാറന്റി കാലയളവിലുള്ള ലാപ്ടോപ്പുകൾക്ക് എ എം | 1-42 |

| | | |
|---|---|---|
| | സിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു-<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | |
| 49 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്-ലോൺ രജിസ്റ്റർ,തുക സോഴ്സ് ഡിഡക്ഷൻ നടത്തിയ സർക്കാർ ഉത്തരവ് എന്നിവ ലഭ്യമാക്കിയില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-43 |
| 50 | ദാനാധാരം കിട്ടിയ ഭൂമിയുടെ രജിസ്ട്രേഷൻ -രേഖകൾ ലഭ്യമാക്കിയില്ല-ചെലവു തുക 81,905/- തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-44 |
| 51 | പത്ര പരസ്യം നൽകൽ-സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൌണ്ട് ഉറപ്പു വരുത്തേണ്ടതാണ്.<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-45 |
| 52 | വെള്ളക്കരമിനത്തിൽ 1,53,18,628/- രൂപയുടെ കുടിശ്ശിക<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-10-2021) | 1-46 |
| 53 | പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-47 |
| 54 | ജി എസ് ടി ടാക്സ് ഇൻവോയ്സിന് പകരം സ്ഥാപനത്തിന്റെ ലെറ്റർ പാഡിൽ ബിൽ ഹാജാരാക്കിയതിന് തുക അനുവദിച്ചു -99,450/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 11-11-2021) | 1-48 |
| 55 | മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-49 |
| 56 | SLI GIS വിഹിതം ഈടാക്കിയതിൽ കുറവ്<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-50 |
| 57 | പാഥേയം -വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-51 |
| 58 | അങ്കണവാടി പോഷകാഹാരം-യഥാർഥ ചെലവ് സുലേഖയിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-52 |
| 59 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: Lisha.K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-53 |
| 60 | ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം<br>Written By: Manesh.B.H (Audit Officer, On 06-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 1-54 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 31-08-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manesh.B.H (Audit Officer, On 31-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 06-09-2021)<br>Last Updated By: K Sreeja (Deputy Director, On 11-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 30-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ്, 22.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 24.02.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 328401462.80/- രൂപയും ചെലവ് 326401765/- രൂപയും നീക്കിയിരിപ്പ് 19999697.80/- രൂപയുമാണ്. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ബജറ്റിൽ വകയിരുത്താതെ ചെലവ് നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ് ഹെഡ്) | ഇനം | ബജറ്റ് വകയിരുത്തൽ | എ.എഫ്.എസ്.പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2501003 | Agriculture Development Programs | - | 242131/- |
| 2 | 2501004 | Agriculture Related Sectors -Animal Husbandry | - | 303250/- |
| 3 | 2514001 | Development Programs For Women And Children | - | 70500/- |
| 4 | 2501051 | Marine Pisciculture | - | 40000/- |
| 5 | 2516008 | General Economic Service-Other Plan Expenditure | - | 44245/- |

2. ബജറ്റിൽ വകയിരിത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 1 | 2510115 | Literacy Equivalent Examination | 100000/- | 0 |
| 2 | 2501062 | Fisheries And Related Facilities | 150000/- | 0 |
| 3 | 2502006 | Water Conservation | 995000/- | 0 |
| 4 | 2505005 | Biogas Plant | 238000/- | 0 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/27.08.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01.06.2020 | - | - |

## 1-2-1 വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വാർഷിക കണക്കുകളിൽ രണ്ടു വർഷത്തെ തുകകൾ ലഭ്യമാക്കി, താരതമ്യ പഠനം സാധ്യമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് B9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20ൽ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2019-20വർഷത്തെ ഓണറേറിയം, വൈദ്യുതചാർജ്ജ്, ടെലഫോൺ ചാർജ് തുടങ്ങിയ ചെലവുകൾക്ക് 2021 എപ്രിൽ മാസത്തിൽ ചെലവ് ചെയ്തിട്ടുണ്ട്.
3. തൻവർഷത്തെ ആസ്തികളുടെ Depreciation (I 17(A)) കണക്കാക്കിയിട്ടില്ല. മുൻവർഷത്തെ ഡിപ്രിസിയേഷൻ തുകയാണ് 2019-20 ലെ ബാലൻസ് ഷീറ്റിലും ചേർത്തിട്ടുള്ളത്.
4. 2018-19 മുതലുള്ള ബാലൻസ് ഷീറ്റിൽ മാർക്കറ്റ് രസീത് വരവിനത്തിൽ 17000/-രൂപ കുടിശ്ശിക പിരിച്ചെടുക്കാൻ ശേഷിക്കുന്നുണ്ട്.
5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Total Cash Generated (A+B+C) തുകയും (8117134/-രൂപ) Net Increase / Decrease In Cash And Cash Equivalents ലെ തുകയും (2272678/-രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി 2019-20 ബാലൻസ് ഷീറ്റ്, B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.
7. മുൻവർഷത്തെ ബാലൻസ് ഷീറ്റ് (2018-19) B9 ഷെഡ്യൂൾ പ്രകാരം സർക്കാറിലേക്ക് അടവാക്കേണ്ട ചുവടെ പറയുന്ന തുകകൾ 2019-20 ലും അടവാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350300103 | Govt And Other Dues Payable - VAT | 66637 |
| 350300104 | Govt And Other Dues Payable – Service Tax | 145 |
| 350300199 | Govt And Other Dues Payable- Others | 15018 |

8. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള മൂന്ന് മാസം കാലാവധി കഴിഞ്ഞതും മൂന്ന് വർഷം പൂർത്തിയാക്കാത്തതുമായ താഴെപ്പറയുന്ന Uncashed ചെക്ക്, വാർഷിക ധനകാര്യ പത്രിക Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ (350800101) ഉൾപ്പെടുത്തുന്നതിന് പകരം തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി.

| ബാങ്ക് | അക്കൗണ്ട് നം | വൗച്ചർ നം | ഇൻസ്ട്രുമെന്റ് നം/തീയതി | തുക |
|---|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് | 40092200097029 | 21901079 | 797569/31-03-19 | 9898 |

9. B- 18 ഷെഡ്യൂൾ പ്രകാരം 2019-20 ൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15000/-രൂപയും മറ്റ് അഡ്വാൻസ് ഇനത്തിൽ 51000/-രൂപയും ക്രമീകരിക്കാൻ ശേഷിക്കുന്നുണ്ടായിരുന്നു. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ

6000/-രൂപ 2020-21 ൽ ക്രമീകരിച്ചതായും 9000/-രൂപ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറ്റ് അഡ്വാൻസ് ഇനത്തിൽ നിൽക്കുന്ന 51000/-രൂപ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.28/26-08-21) മറുപടി ലഭിച്ചു. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

10. സാമൂഹ്യസുരക്ഷാക്ഷേമപെൻഷൻ വരവ്/ചെലവ് തുകകൾ - ഡി ബി റ്റി സ്റ്റേറ്റ്മെന്റും വാർഷികധകാര്യപത്രികയുമായും പൊരുത്തപ്പെടുന്നില്ല.

| Item | As Per Annual Statement | As Per DBT Statement |
|---|---|---|
| Oldage Pension | 15794100 | 22049100 |
| Widow Pension | 6713400 | 8393400 |
| Pension For Unmarried Women Above 50 | 322200 | 433800 |
| Disabled Pension | 2030700 | 2858500 |
| Agricultural Labour Pension | 505800 | 0 |

11. R& P 40 (B) പ്രകാരം Post Office, Kadakkvoor ൽ 2617/-രൂപയുടെ ബാലൻസ് നിൽക്കുന്നുണ്ട്. ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

12. ലൈഫ് ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

13. 2018-19, 2019-20 ബാലൻസ് ഷീറ്റ് പ്രകാരം കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച യഥാക്രമം 17,38,489/-രൂ, 32,66,801/-രൂപയുടെ വിനിയോഗസർട്ടിഫിക്കറ്റ് നാളിതുവരെ ലഭിച്ചിട്ടില്ല.

14. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 , ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

തൻവർഷ B7 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ 3 വർഷത്തിലധികമായി കാലഹരണപ്പെട്ട തുകയാണ്. ആയത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| Sl No | Item | Amount |
|---|---|---|
| 1 | Contractors EMD | 67636 |
| 2 | Suppliers EMD | 27387 |
| 3 | Bidders EMD | 1500 |
| 4 | Contractorss SD | 2923 |
| 5 | Suppliers SD | 32500 |
| 6 | Bidders SD | 5000 |
| 7 | Contractors Retension | 16389 |
| ആകെ | | 153335 |

കമ്മിറ്റി തീരുമാനമെടുത്ത് തുക മുതൽക്കൂട്ടുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.56/2-9-2021)മറുപടി ലഭിച്ചു. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7676589 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54606985 |
| ആകെ | 61983574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52034307 |
| നീക്കിയിരിപ്പ് | 9949267 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സ് ആയ തുക (ക്യൂ ബിൽ ഉൾപ്പെടെ) | ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12088149 | 12088149 | 10267683 | 1820466 | 945376 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10831882 | 10831882 | 6153931 | 4677951 | 995981 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 10892685 | 10892685 | 1806406 | 9086279 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 23685000 | 23685000 | 5479967 | 18205033 | 4054691 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4127000 | 4127000 | 2283344 | 1843656 | 0 |
| ലൈബ്രറി ഗ്രാന്റ് | 0 | 19550 | 19550 | 0 | 19550 | 0 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 73077 | 2479 | 75556 | 0 | 75556 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2468484 | 0 | 2468484 | 672879 | 1795605 | 0 |
| ഐ.സി.ഡി.എസ് | 945946 | 779725 | 1725671 | 60000 | 1125671 | 0 |
| എൻ.ആർ.ഇ.ജി.എസ് | 58365 | 24099033 | 24157398 | 22769679 | 1387719 | |

3,40,41,438/- രൂപ ലാപ്സായത് ഗൗരവതരമായ വിഷയമായി കാണേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-4-1 ചെലവഴിക്കാത്ത സംയുക്തപ്രൊജക്ട് തുക തിരികെ അടവാക്കിയില്ല

സംയുക്ത പ്രോജക്ട് വിഹിതമിനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷം ലഭിച്ച തുകയിൽ അവശേഷിക്കുന്ന തുകയായ 12,150/- ( ഹെഡ് കോഡ് 320700205) നാളിതുവരെ തിരികെ അടവാക്കിയില്ല.

### 1-4-2 കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു

വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകൾ പൂർണമായും ചെലവഴിച്ചിട്ടില്ല.

2019-20 ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| ഹെഡ് കോഡ് | തുക | ഇനം |
|---|---|---|
| 320100121 | 11,25,671 | ICDS |
| 320200104 | 50,05,290 | CFC |
| 320200207 | 3,29,694 | Fund For Transferred Institutions |
| 320200308 | 19,550 | Library Grant |
| 320200322 | 17,95,605 | Suchithwa Mission |

വരുംവർഷങ്ങളിൽ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു. വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക അനുവദിച്ച് നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്.

## 1-4-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഉം ACR ഉം പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Development Fund General ചെലവ് തുക 1,27,22,652/-രൂപ ആണ്. എന്നാൽ ACR പ്രകാരമുള്ള ചെലവ് 1,02,67,683/- രൂപയും ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 93531240 | 104 | 35314296 | 0 | 83 | 55.6 |

പദ്ധതി ആസൂത്രണം – പുരോഗമനപരമായ മാറ്റം അനിവാര്യം

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന 01.10.2018ലെ യോഗത്തിൽ ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചുവെന്നും പദ്ധതി ആസൂത്രണത്തിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതിന് 02.10.2018ന് വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ചുകൂട്ടുന്നതിനും തീരുമാനിച്ചു. ഇതല്ലാതെ വേറൊരു യോഗം പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല.

05.12.2018ൽ നടന്ന വികസന സെമിനാറിൽ മേഖല തിരിച്ചുള്ള വിവിധ നിർദ്ദേശങ്ങളുണ്ടായെങ്കിലും ക്രിയാത്മകമായ ചർച്ചകൾ നടന്നതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി മാറുന്നില്ല.

2019-20 വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ പ്രോജക്ടായി മാറിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | ആരോഗ്യം | 10.12.2018 | ഹോമിയോ ആശുപത്രിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി |
| Ii | | 10.12.2018 | ഹോമിയോ ആശുപത്രിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് സ്റ്റോർ റൂം |

| | | | |
|---|---|---|---|
| Iii | സാമൂഹ്യക്ഷേമം | 10.12.2018 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും |
| Iv | | 10.12.2018 | അങ്കണവാടികൾക്ക് ചുറ്റുമതിൽ |
| V | കൃഷി | 15.12.2018 | പാടശേഖരങ്ങളിൽ റാമ്പ് നിർമ്മാണം |
| Vi | പൊതുമരാമത്ത് | 02.10.2018 | എല്ലാ മാർക്കറ്റിലും ശൌചാലയം |
| Vii | | 05.12.2018 | കുളം വൃത്തിയാക്കി സംരക്ഷണം |
| Viii | വിദ്യാഭ്യാസം, സംസ്കാരം | 10.12.2018 | ലൈബ്രറികളിൽ E-Library സംവിധാനം |
| Ix | ചെറുകിട വ്യവസായം | 02.10.2018 | വനിത ക്യാന്റീൻ |
| X | ദാരിദ്ര്യ ലഘൂകരണം | 02.10.2018 | വനിത ക്യാന്റീൻ |
| Xi | കുടിവെള്ളം, ശുചിത്വം | 21.11.2018 | നീരാഴി തടാകം വിപുലീകരിച്ച് 11, 12, 13 വാർഡുകളിലേക്ക് ശുദ്ധജലം |
| Xii | | 05.12.2018 | എല്ലാ വാർഡിലേയും കുളങ്ങൾ നവീകരിച്ച് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗപ്പെടുത്തുക |

ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും പദ്ധതിയായി മാറ്റുന്നതിന് പരിമിതിയുണ്ടെന്നും വനിത ക്യാന്റീൻ പോലുള്ള പദ്ധതികൾ ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 32/27 .08.2021)

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ പൂർണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പൊതുഭരണം | ഗുരുതരം | കുടിവെള്ളക്ഷാമം പരിഹരിക്കൽ |
| Ii | കൃഷി | അതീവ ഗുരുതരം | നെൽകൃഷി - ജല ദൌർലഭ്യം, തൊഴിലാളി ക്ഷാമം |
| Iii | മൃഗസംരക്ഷണം | ഗുരുതരം | ഉയർന്ന ഉല്പാദന ചെലവ് |
| Iv | പട്ടികജാതി വികസനം | അതീവ ഗുരുതരം | ശുദ്ധജല ദൌർലഭ്യം |

ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നുണ്ടെന്നും 2024 വർഷത്തോടെ കുടിവെള്ളക്ഷാമം പൂർണമായും പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വിഷയങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പരിഹാരം കാണുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

<u>അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്റ്റ് നിർവ്വഹണം ആശാവഹമല്ല.</u>

2019-20വർഷം അംഗീകാരം വാങ്ങിയ 89 മരാമത്ത് പ്രവൃത്തികളിൽ 30എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കാത്ത 59 പ്രവൃത്തികളിൽ 8 സ്പിൽഓവർ പ്രവൃത്തികളുണ്ട്. തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി ആകെ 4,65,33,691 രൂപ അടങ്കൽ വച്ചിരുന്നതിൽ 96,79,825 രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവ് ശതമാനം 20.8.

സ്പിൽ ഓവർ പ്രവൃത്തികൾക്ക് ഫണ്ട് നൽകേണ്ടതിനാലാണ് പുതിയ പ്രോജക്ടുകൾ പലതും ഒഴിവാക്കിയതെന്നും നിർമ്മാണ പ്രദേശവുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലനിന്ന സ്പിൽഓവർ പ്രവൃത്തികളാണ് ഉപേക്ഷിച്ചതെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 03/24.08.2021ന്റെ മറുപടി).

സർവ്വേ സ്കെച്ച് ലഭ്യമാകാത്തതാണ് പഞ്ചായത്ത് ഭൂമി കോമ്പൌണ്ട് വാൾ കെട്ടി സംരക്ഷണം (181/20) എന്ന സ്പിൽഓവർ പ്രവൃത്തി നടപ്പാക്കാഞ്ഞതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

കൃത്യമായ ആസൂത്രണത്തിന്റെ അഭാവമാണ് പദ്ധതിച്ചെലവ് കുറയുന്നതിന് കാരണമെന്ന് വിലയിരുത്തുന്നു.

ക്ഷീര വികസന ഓഫീസർ നടപ്പാക്കിയ പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടുകളിൽ ഫണ്ടിന്റെ പൂർണമായ വിനിയോഗം നടത്തിയിട്ടില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകരിച്ച് ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് യഥാസമയം കൈമാറാതിരുന്നതും സംയുക്ത പ്രോജക്ടിലെ എല്ലാ വിഹിതവും ഉറപ്പാക്കാതിരുന്നതും വീഴ്ചയാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 58365 | 2120069 | 2178434 | 790715 | 1387719 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21978964 | 21978964 | 21978964 | 0 |
| ആകെ | 58365 | 24099033 | 24157398 | 22769679 | 1387719 |

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 2 ന്റെ മറുപടി)

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 16 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 8672 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3032 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1630 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 48 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 47 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 816 |
| വകയിരുത്തിയ തുക | 150000000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 120 |
| കൂലിയിനത്തിലെ ചെലവ് | 22076929 |
| കൂലിയിതരയിനത്തിലെ ചെലവ് | 692750 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് | 22769679 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 22769679 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 338400 |
| കർഷകതൊഴിലാളി പെൻഷൻ | 505800 |
| വിധവാപെൻഷൻ | 6713400 |
| വാർദ്ധക്യകാലപെൻഷൻ | 15794100 |
| വികലാംഗപെൻഷൻ | 2030700 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 322200 |

ഓരോ ക്ഷേമപദ്ധതിയിലും തൻവർഷം ആനുകൂല്യം കൈപ്പറ്റിയവരുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കിയില്ല.

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകി- 2,73,700/- രൂപ സർക്കാരിന് നഷ്ടം

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ പെൻഷൻഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

:

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഓമന | 103680204051 | വാർധക്യകാലം | 13.12.18 | ആക്ടീവ് | 01/19 മുതൽ 07/19 വരെ (1100x3, 1200x4) | 9200 |
| ശാരദ | 102460201569 | വാർധക്യകാലം | 24.11.18 | ആക്ടീവ് | 12/18മുതൽ 04/19വരെ (1100x4, 1200x1) | 5600 |
| ശശിധരൻ | 102450400270 | വികലാംഗ | 09.4.19 | സസ്പെന്റ് | 05/19മുതൽ 07/19വരെ (1200x3) | 3600 |
| കമലമ്മ | 102460200727 | വാർധക്യകാലം | 10.1.20 | ആക്ടീവ് | 02/19മുതൽ 08/21വരെ | 32000 |
| സത്യവ്രതൻ | 102430100081 | കർഷകതൊഴിലാളി | 06.1.20 | ആക്ടീവ് | 02/20 മുതൽ 05/20വരെ (1200x2, 1300x3) | 6300 |

| | | | | | | |
|---|---|---|---|---|---|---|
| സത്യബാല | 102460600266 | വിധവാപെൻഷൻ | 19.1.20 | ആക്റ്റീവ് | 02/20മുതൽ 08/21വരെ (02/20 – 04/20- 3700/- 05/20 – 08/20 – 5200/- 09/20 – 12/20 – 5600/- 01/21 – 03/21 – 4500/- 04/21 – 08/21-8000/-) | 27000 |
| കുഞ്ഞുലക്ഷ്മി | 102450201637 | വാർധക്യകാലം | 28.1.20 | ആക്റ്റീവ് | 08/19 മുതൽ 06/21 വരെ 'Deceased' എന്ന കാണിച്ച് പെൻഷൻ കൊടുത്തിട്ടില്ല. എന്നാൽ 07/21,08/21 മാസങ്ങളിൽ 3200/- രൂപ സഹകരണബാങ്കിന് കൈമാറിയിരിക്കുന്നു. (1600x2) | 3200 |
| ബാലകൃഷ്ണൻ | 102460200894 | വാർധക്യകാലം | 02.2.20 | ആക്റ്റീവ് | 03/20മുതൽ 08/21വരെ (03/20 – 04/20 –3000/- 05/20 – 08/20- 6000/- 09/20 – 03/21 – 10500/- 04/21 – 08/21 – 8000/-) | 27500 |
| ശ്രീധരൻ | 102460203214 | വാർധക്യകാലം | 23.3.20 | ആക്റ്റീവ് | 05/20മുതൽ 08/21വരെ (05/20 – 08/20- 6000/- 09/20 – 03/21 – 10500/- 04/21 – 08/21 – 8000/-) | 24500 |
| ഇന്ദിരഅമ്മ | 102460201844 | വാർധക്യകാലം | 02.3.20 | സസ്പെന്റ് | 05/20മുതൽ 02/21വരെ (1500x10) | 15000 |
| അബ്ദുൾസലാം | 102460201178 | വാർധക്യകാലം | 06.3.20 | ആക്റ്റീവ് | 05/20മുതൽ 08-21വരെ (05/20 – 08/20- 6000/- 09/20 – 03/21 – 10500/- 04/21 – 08/21 – 8000/-) | 24500 |
| ഷിഹാബുദ്ദീൻ | 102460201607 | വാർധക്യകാലം | 03.2.20 | ആക്റ്റീവ് | 05/20മുതൽ 08/21വരെ (05/20 – 08/20- 5200/- 09/20 – 12/20 – 5600/- 01/21 – 03/21 – 4500/- 04/21 – 08/21 – 8000/-) | 23300 |
| യശോദ | 102460100256 | കർഷകതൊഴിലാളി | 03.3.20 | ആക്റ്റീവ് | 05/20മുതൽ 08/21വരെ (05/20 – 08/20- 5200/- 09/20 – 12/20 – 5600/- 01/21 – 03/21 – 4500/- 04/21 – 08/21 – 8000/-) | 23300 |
| ചെല്ലമ്മ | 102460200772 | വാർധക്യകാലം | 02.3.20 | ആക്റ്റീവ് | 05/20മുതൽ | 5400 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 01/21വരെ (600x9) | |
| രാമകൃഷ്ണപിള്ള | 102460100183 | കർഷകതൊഴിലാളി | 20.12.18 | സസ്പെന്റ് | 12/18മുതൽ 04/19വരെ (1100x4, 1200x1) | 5600 |
| ഗംഗാധരൻ | 102460200199 | വാർധക്യകാലം | 25.12.18 | സസ്പെന്റ് | 12/18മുതൽ 04/19വരെ (1500x5) | 7500 |
| ലക്ഷ്മിക്കുട്ടി | 102460200274 | വാർധക്യകാലം | 27.11.18 | സസ്പെന്റ് | 12/18മുതൽ 04/19വരെ (1500x5) | 7500 |
| കൃഷ്ണപിള്ള | 102460200902 | വാർധക്യകാലം | 16.12.18 | സസ്പെന്റ് | 12/18മുതൽ 04/19വരെ (1500x5) | 7500 |
| പസ്കസ് | 102410201853 | വാർധക്യകാലം | 08.2.19 | ആക്ടീവ് | 03/19മുതൽ 07/19വരെ (1100x1, 1200x4)) | 5900 |
| | | | | | ആകെ | 2,63,300/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2020-21 വർഷവും മേൽ അപാകത സംഭവിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35 തീയതി 27.8.21-ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 2,63,300/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽതുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയരിക്കുന്നത്.

| No | Name | Date Of Death | Aadhar No | Status |
|---|---|---|---|---|
| 1 | AyshaBeevi | 4.7.19 | 294448641926 | Active |
| 2 | Janaki | 16.6.19 | 365954890888 | Active |
| 3 | Mani | 2.6.19 | 919236273472 | Active |
| | | | | |

| | | | | |
|---|---|---|---|---|
| 4 | Rugmani | 24.6.19 | 833904060355 | Active |
| 5 | Chellamma | 23.7.19 | 661675101416 | Active |
| 6 | Ammukutty | 26.7.19 | 934430692550 | Active |
| 7 | Vanajakshi | 31.7.19 | 735129825758 | Active |
| 8 | Sasi | 29.7.19 | 727652746566 | Active |
| 9 | Natesan | 25.7.19 | 664449186446 | Active |
| 10 | Sisubalan | 8.8.19 | 437254390809 | Active |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 40/ 31.8.21) അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2021, 10.30 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,013/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

മികച്ച ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിന്റെ വളർച്ചക്ക് അനിവാര്യമായ ഘടകമാണ്. ചുവടെ ചേർക്കുന്ന വിഷയങ്ങൾ പരിഗണിച്ച് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

I) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം നടത്തിയിട്ടുണ്ട്. എന്നാലും എല്ലാ ഫയലുകളും രജിസ്റ്ററുകളും ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

Ii) ഫയൽ സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

Iii) പൌരാവകാശരേഖ പുതുക്കിയിട്ടുണ്ട്.

Iv) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്ററിൽ 2010-11 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. രജിസ്റ്റർ കാലികമാക്കാത്തത് തുടർനടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണമാകും.

V) സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
Vi) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങളും മേൽവിലാസവും കൃത്യമായി ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇൻക്യുമ്പൻസി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.01.2021 | 09/2020 മുതൽ 12/2020 വരെ | 08.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 | 2010 മുതൽ 2015 വരെ | 14.03.2016 |

## 1-11 ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കിയില്ല

2019-20 വർഷത്തേയ്ക്ക് വിതരണം ചെയ്ത മാന്വൽ രസീതുകളുടെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക്

ലഭ്യമാക്കിയില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ രസീതുകളുടെ കളക്ഷൻ സംബന്ധിച്ച വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ നം.02/02.09.2021 നൽകിയെങ്കിലും രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - അപാകങ്ങൾ

2019-20 വർഷത്തെ വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 വർഷത്തെ സാംഖ്യ രസീതുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിലെ കളക്ഷനിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 5 | 334 | A | എ.ശ്രീദേവിസുക (എസ്സ്.എസ്സ്. ഭവൻ, കീഴാറ്റിങ്ങൽ) | 804504 | 119050103478 | 05/11/2019 | 2019 | 353 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/24.08.2021 ന്റെ മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2) വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തി

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് ,വിലാസം | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 3/326/A | സെൽവരാജ്, ഗോപാല സദനം | ഷോപ്പ് | 121.6 $M^2$ |
| 6 | 16/50/A | ആബിദാബീവി, എൻ. ബി. എച്ച്. ബിൽഡിംഗ്, പാലാംകോണം | ഷോപ്പുകൾ | 120 $M^2$ |

100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 55/- രൂപയായിരിക്കെ 35/- രൂപ നിരക്കിലാണ് മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/24.07.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ ഡേറ്റ എൻട്രി വേളയിൽ പ്രസ്തുത അപാകങ്ങൾ തിരിച്ചറിയുന്ന തരത്തിൽ സോഫ്റ്റ്‌വെയർ പരിഷ്കരണത്തിന് നിർദ്ദേശിക്കാവുന്നതാണ്.

3) വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല.

ഗ്രാമ പഞ്ചായത്തിലെ പതിനാറാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള 58 കെട്ടിടങ്ങളുടെ(പാർപ്പിടം) വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 16/601 | ശാന്ത | പാർപ്പിടം | 130 $M^2$ |
| 2 | 16/551 | ഡൈന | പാർപ്പിടം | 120 $M^2$ |
| 3 | 16/429 | ലക്ഷ്മിക്കുട്ടി | പാർപ്പിടം | 110 $M^2$ |
| 4 | 16/232 | ശിശുപാലൻ | പാർപ്പിടം | 152.2 $M^2$ |
| 5 | 16/181 | ലൈലാ ബീവി | പാർപ്പിടം | 148 $M^2$ |
| 6 | 16/74 | ആഷ്യ ബീവി | പാർപ്പിടം | 126 $M^2$ |
| 7 | 16/24 | ശ്രീനിവാസൻ | പാർപ്പിടം | 101.4 $M^2$ |
| 8 | 16/25a2 | റാഫി / സബീന | പാർപ്പിടം | 87.32 $M^2$ |
| 9 | 16/542 | ബേബി എസ്സ് | പാർപ്പിടം | 90 $M^2$ |
| 10 | 16/337 | ഉണ്ണി | പാർപ്പിടം | 91 $M^2$ |

B) നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു.

ഗ്രാമപഞ്ചായത്തിലെ 7,10,12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 7/364 | ബേബി ഗിരിജ | പാർപ്പിടം | 186 $M^2$ | 6530/- |
| 2 | 7/516 | ഡി ശശാങ്കൻ | പാർപ്പിടം | 61 $M^2$ | 975/- |
| 3 | 10/211 | വേണുഗോപാൽ | പാർപ്പിടം | 188 $M^2$ | 4490/- |
| 4 | 10/458 | റോയി പ്രഭാകരൻ | പാർപ്പിടം | 32.5$m^2$ | 4225/- |
| 5 | 12/207 B | ഗോപകുമാർ | പാർപ്പിടം | 15 $M^2$ | 2452/- |
| 6 | 12/209 | സരസ്വതി അന്തർജ്ജനം | പാർപ്പിടം | 60.8 $M^2$ | 1780/- |
| 7 | 12/87 | ശശിധരൻ | പാർപ്പിടം | 61 $M^2$ | 978/- |

C) കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ അഞ്ചാം വാർഡിലെ ആദ്യ 125 കെട്ടിടങ്ങളും പത്താം വാർഡിലെ ആദ്യ 50

കെട്ടിടങ്ങളും മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് -V | | | വാർഡ് -X | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 11 | 11 | 1 | 3 | 3 | 1 |
| 13 | 13 | 1 | 6 | 6 | 1 |
| 32 | 32 | 1 | 9 | 9 | 1 |
| 43 | 43 | 1 | 11 | 11 | 1 |
| 61 | 61 | 1 | 14 | 16 | 3 |
| 92 | 92 | 1 | 26 | 26 | 1 |
| 108 | 108 | 1 | 30 | 31 | 2 |
| 110 | 112 | 3 | 33 | 33 | 1 |
| 115 | 115 | 1 | 43 | 43 | 1 |
| 122 | 122 | 1 | 48 | 48 | 1 |
| Total | | 12 | Total | | 13 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമോളിഷ്ഡ് ബിൽഡിംഗ്, ഡിലീറ്റഡ് റെക്കോർഡ്സ് എന്നിവയിലും മേൽ കെട്ടിടങ്ങളുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല.

D)അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം(U/A രജിസ്റ്റർ) 46 അനധികൃത കെട്ടിടങ്ങളുടെ നികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ U/A ബിൽഡിംഗ് റിപ്പോർട്ടിൽ 28 കെട്ടിടങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 18 കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്സ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | VI/2/UA | ഷൈലജ | പാർപ്പിടം | 26 $M^2$ |
| 2 | VI/3/UA | ശിവരാജൻ പിള്ള | വാണിജ്യ കെട്ടിടം | 26 $M^2$ |
| 3 | VII/2/UA | ശബരി | പാർപ്പിടം | 39 $M^2$ |
| 4 | VII/3/UA | നൗഷാദ് | വാണിജ്യ കെട്ടിടം | 27.93 $M^2$ |
| 5 | VIII/3/UA | സുനിൽ കുമാർ | പാർപ്പിടം | 65.89 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09,10,11/24.08.2021,15/25.08.2021 എന്നിവയ്ക്ക് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)ദ ാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)മുപ്പത് ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച ു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി,30 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 6/61 | ഗീത | പാർപ്പിടം | 80 $M^2$ |
| 2 | 3/444 B1 | രേഖപ്പെടുത്തിയിട്ടില്ല | പാർപ്പിടം | 90 $M^2$ |

B)വാണിജ്യ കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചു

താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ 2013 ഒന്നാം അർദ്ധ വർഷം മുതൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|
| 10/377 A | മോഹനൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 15 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/25.08.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഇളവ് നൽകുന്നു. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും വിമുക്തഭടന്മാരുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2019-20

വർഷത്തെ മേൽ രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇളവിന് അർഹരായവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

B)കെട്ടിടങ്ങളുടെ നികുതി ഇളവ് കാലാവധിക്ക ശേഷം നികുതി പുനർ നിർണയിച്ചില്ല

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തിന് മുൻപ് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് . എന്നാൽ പ്രസ്തുത കാലയളവുകൾക്ക് ശേഷം കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 10/223 | ബേബി കസ്തൂർബ, ദ്വാരക | 127.5 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016രണ്ടാം അർദ്ധവർഷം വരെ |
| 2 | 10/609/A | സുദേവൻ, ചിറ്റഴികം, കടയ്ക്കാവൂർ, | 213 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016രണ്ടാം അർദ്ധവർഷം വരെ |
| 3 | 11/95 | റ്റി എസ്സ് സൌന്ദരാജ്, തൊടിയിൽ വീട്, | 95 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/22.07.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

6)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം നികുതി ഇളവിന് അർഹരായവർ സമർപ്പിക്കേണ്ട സത്യവാങ്മൂലം ഹാജരാക്കിയിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള 31 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നമ്പർ | വാർഡ് | കെട്ടിട നമ്പർ | സബ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണം |
|---|---|---|---|---|---|
| 1 | 1 | 217 | D | ഗീത (ചരുവിള വീട്, മേലാറ്റിങ്ങൽ, ആലംകോട് പി ഒ ) | 51.7 |
| 2 | 1 | 429 | | വിജയി ബി (ചരുവിളവീട്, പാലാംകോണം, പെരുംകുളം പി.ഒ) | 50 |
| 3 | 2 | 423 | B | രജി(അനിലാ വിലാസം,മേലാറ്റിങ്ങൽ) | 32 |
| 4 | 2 | 432 | A | പ്രഭാസുതൻ(സുപ്രഭാതം,പേരാണം,കീഴാറ്റിങ്ങൽ ) | 26.73 |
| 5 | 2 | 481 | C | സജിന് രാജ്/സുരഭി(നഭാസ്,പേരാണം,കീഴാറ്റിങ്ങൽ ) | 46.42 |
| 6 | 2 | 540 | B | നിർമ്മല/സോമശേഖരന്(മഠത്തിൽ വിളവാറിൽ വീട്, മേലാറ്റിങ്ങൽ, ആറ്റിങ്ങൽ, കീഴാറ്റിങ്ങൽ ) | 31.88 |

| | | | | | |
|---|---|---|---|---|---|
| 7 | 4 | 120 | A | പ്രസന്ന(വട്ടവിള വീട്, കീഴാറ്റിങ്ങൽ, കീഴാറ്റിങ്ങൽ, ബാബു | 57.6 |
| 8 | 4 | 287 | A | രാജേഷ് കുമാർ(കാട്ടുവിള വീട്,കീഴാറ്റിങ്ങൽ,കീഴാറ്റിങ്ങൽ | 16.12 |
| 9 | 6 | 430 | A | അംബിളി(പുലിക്കുന്നത്ത് വീട്,നെടിയവിള,കീഴാറ്റിങ്ങൽ | 50.98 |
| 10 | 7 | 256 | | ശ്രീലത(ആനന്ദ് ഭവൻ,കാവിൽ റോഡ്,കടയ്ക്കാവൂർ | 37.2 |

B)കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ ഇളവ് നൽകി.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം III,XI എന്നീ വാർഡുകളിൽ മാത്രം ഇത്തരത്തിൽ മുൻകാല പ്രാബല്യത്തിൽ ഇളവ് അനുവദിച്ച കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 3/376 B | അപ്പുക്കുട്ടൻ നായർ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 3/451 A | ജാനകി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 3/22b | സുരേഷ് | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 3/228 | കുമാര പിള്ള | 2014രണ്ടാം അർദ്ധ വർഷം മുതൽ |
| 5 | 3/487 | ഭാനു | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 3/85 | സുചിത്ര | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 11/37 | സുകുമാരൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 11/142 A | ജയകുമാരി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

C) ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/197 A | മിനി ബി, അനന്ദു മന്ദിരം |
| | 1/197 B | |
| 2 | 15/389 | ഗിരിജ,അശ്വതി നിവാസ് |
| | 15/389 A | |
| 3 | 10/608 A | സുധ ഭായ്, ചിറ്റാഴികത്ത് വീട് |
| | 10/608 B | |
| 4 | 12/119 A | സത്യൻ, ജി.എസ് ഭവൻ |
| | 12/126 A | |

| | | |
|---|---|---|
| 5 | 9/524 | സാവിത്രി, ജൽസാ പുരി |
| | 9/526 | |
| | 9/526 A | |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/25.07.2021 ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7) പൊളിച്ച മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ച നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | B4-452/26.02.2019 | 12/362 A | പ്രവീൺകുമാർ | പാർപ്പിടം | 185 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 5190/- |
| 2 | Demolish_VnL_50246010009232/ 23.02.2019 | 13/228 | സുഹറാബീവി | വാണിജ്യ കെട്ടിടം | 24 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4812/- |
| 3 | Demolish_VnL_50246010009231/ 26.03.2019 | 13/227 | സുഹറാബീവി | ഇതര വ്യവസായം | 49 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 14034/- |
| 4 | Demolish_VnL_50246010004063/ 27.03.2019 | 7/388 | എസ്സ്.സോമൻ | വാണിജ്യ കെട്ടിടം | 17 $M^2$ | 2009 ഒന്നാം അർദ്ധവർഷം മുതൽ | 4460/- |
| 5 | B5/7106/18/ 02.12.2019 | 7/398 | കെ വി സനകൻ | വാണിജ്യ കെട്ടിടം | 20 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4158/- |
| 6 | B2-1786/2020/ 20.03.2020 | 7/246a | ആർ തമ്പി | പാർപ്പിടം | 140 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 3374/- |

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ അപേക്ഷകളും ,ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/24.08.2021 ന് ലഭിച്ച മറുപടിയിൽ കെട്ടിടങ്ങൾ ഇരട്ടിച്ച് സഞ്ചയയിൽ രേഖപ്പെടുത്തിയത് നീക്കം ചെയ്യുന്നതിനാണ് ഇത്തരത്തിൽ ഡിമോളിഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

8) സഞ്ചയ സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു.

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ 2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല(ഓഡിറ്റ് റിക്വിസിഷൻ നമ്പർ 2). പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 FTEAOS ലൈസൻസ് - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.(ഓഡിറ്റ് റിക്വിസിഷൻ നം.2/02.09.21).

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ട്യോസ് ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/28.08.2021 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത്രാജ് ആക്ട് 232 വകുപ്പ് പാലിക്കുന്ന എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി-അപാകങ്ങൾ

1) രേഖകൾ -ഹാജരാക്കിയില്ല.

2019-20 വർഷം തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ (നം.02/02.09.21)നൽകിയിരുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും (60 ദിവസത്തിലധികം പ്രവൃത്തി ചെയ്തു എന്ന് ഉറപ്പു വരുത്തി) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.11/10.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ 20 കരാറുകാരാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല

ബെൻസി, കടയിൽ വീട്, പൂഞ്ഞറ എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളുകളിൽ നിന്നും 2015-16 സാമ്പത്തിക വർഷം മുതൽ 2019-20വർഷത്തെ വാടക ഈടാക്കാനുണ്ട്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | സ്റ്റാൾ നമ്പർ | കാലയളവ് | വാടക |
|---|---|---|---|---|
| 1 | 2015-16 | 27 | 05/2015 മുതൽ 03/2016 വരെ | 4620/- |
| 2 | 2016-17 | 26 | 04/2016 മുതൽ 03/2017 വരെ | 5796/- |
| 3 | | 27 | 04/2016 മുതൽ 03/2017 വരെ | 5796/- |
| 4 | 2017-18 | 26 | 04/2017 മുതൽ 03/2018 വരെ | 6096/- |
| 5 | | 27 | 04/2017 മുതൽ 03/2018 വരെ | 6096/- |
| 6 | 2018-19 | 26 | 04/2018 മുതൽ 03/2019 വരെ | 6396/- |
| 7 | | 27 | 04/2018 മുതൽ 03/2019 വരെ | 6396/- |
| 8 | 2019-20 | 26 | 04/2019 മുതൽ 03/2020 വരെ | 6720/- |
| 9 | | 27 | 04/2019 മുതൽ 03/2020 വരെ | 6720/- |

തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/26.08.2021 ന്റെ മറുപടി). കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ലേലം - കുടിശ്ശിക ഈടാക്കേണ്ടതാണ്

താഴെപ്പറയുന്ന മാർക്കറ്റുകൾ 2019-20 വർഷത്തേയ്ക്ക് ലേലം ചെയ്തതിൽ കുടിശ്ശിക തുക ഈടാക്കാനുണ്ട്.

| ക്രമ നമ്പർ | ലേല ഇനം/ ലേല തീയതി | ലേലംകൊണ്ട വ്യക്തിയുടെ പേര് / വിലാസം | ആകെ ലേല തുക | ഒടുക്കിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | പാലാംകോണം തൊപ്പിച്ചന്ത ഗേറ്റ് ഫീ 15.03.2019 | അബ്ദുൾ ലത്തീഫ്, പ്ലാവിള വീട്, പെരുംകുളം | 200000/- | 195000/- | 5000/- |
| 2 | വിളയിൽ മൂല പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീ 31.03.2019 | മുഹമ്മദ് അഫ്രീദി, ചാന്നാൻ വിള തൊടി, വിളയിൽ മൂല | 50300/- | 25150/- | 25150/ |

ലേല വ്യവസ്ഥകൾ പ്രകാരം മേൽ വ്യക്തികൾ സമർപ്പിച്ച സോൾവൻസി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/26.08.2021 ന്

മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266,1999ലെ കേരള പഞ്ചായത്ത്‌രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/25.08.2021-ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1024 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 4 വളർത്തു നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/25.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

പാലിയേറ്റീവ് പരിചരണത്തിനുള്ള മാർഗ്ഗരേഖ [സ.ഉ (സാധാ)നം 3217/2015 ത.സ്വ.ഭ.വ തീ. 29.10.15] ഖണ്ഡിക 2.5.6 പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ് സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നു. എന്നാൽ കടയ്ക്കാവൂർ പി എച്ച് സിയിലെ പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് അറിയില്ലായിരുന്നു എന്നാണ് വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് അന്വേഷണം നം. 16 തീ 25.8.21ന്റെ മറുപടി) . രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പാലിയേറ്റീവ് കെയർ പദ്ധതി- ബോധവത്ക്കരണ പരിപാടി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുക ചെലവഴിച്ചു

കടയ്ക്കാവൂർ പി എച്ച് സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ ചികിത്സാ പദ്ധതിയുടെ ഭാഗമായി 18.10.2019ന് നടത്തിയ ബോധവത്ക്കരണ പരിപാടിയ്ക്കായി 25,000/-രൂപ ചെലവാക്കിയിട്ടുണ്ട്. (ബിൽ നം10/22.11.19) .

സ.ഉ (സാധാ)നം 3217/2015 ത.സ്വ.ഭ.വ തീ. 29.10.15 ഖ. 2.6.13 പ്രകാരം ബോധവത്ക്കരണ പരിപാടികളിൽ പങ്കെടുക്കുന്ന ആളുകളുടെ ഭക്ഷണചെലവിനായി ഒരാൾക്ക് 60 രൂപയും മറ്റ് ചെലവുകൾക്കായി പരമാവധി 3000 രൂപയും ചെലവഴിക്കാം എന്ന് നിഷ്കർഷിക്കുന്നു. കൂടുതൽ തുക വേണ്ടിവരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ബോധവത്കരണ പരിപാടിയുടെ ഭക്ഷണത്തിനായി മാത്രം 19,000/- രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17തീ 25.8.21ന് ലഭ്യമാക്കിയ മറുപടിയിൽ 37പേർ പരിപാടിയിൽ പങ്കെടുത്തെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-22 പി എച്ച് സി ഓഫീസിൽ ഭൗതിക സാഹചര്യം ഒരുക്കൽ - അപാകതകൾ - 99950/- രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതിയുടെ പേര് | പി എച്ച് സി ഓഫീസിൽ ഭൗതിക സാഹചര്യം ഒരുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ പി എച്ച് സി |
| പ്രോജക്റ്റ് നമ്പർ | 94/20 |
| അടങ്കൽ | 1,00,000<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 99,950 |
| ബിൽ നം | 05/7.9.19-77350/-<br>13/8.12.19-22600/- |

പി എച്ച് സി ഓഫീസിൽ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി ഫോട്ടോകോപ്പിയർ മെഷീൻ, ഫ്രിഡ്ജ്, അലമാര, കസേരകൾ എന്നിവ വാങ്ങുന്നതിനായി 20.07.19 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും സാധനങ്ങൾ വാങ്ങുകയും ചെയ്തു. 30.10.19 ന് വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് മേശ, കസേര, കമ്പ്യൂട്ടർ ടേബിൾ എന്നിവ വാങ്ങിയിട്ടുണ്ടുമുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ മൂന്ന് മാസത്തെ ഇടവേളയിൽ കസേര, മേശ മുതലായവ രണ്ട് വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ച് വാങ്ങിയിരിക്കുന്നു.

2. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യമായ സാധനസാമഗ്രികളുടെ എണ്ണം, ഇനം, മറ്റ് സ്പെസിഫിക്കേഷനുകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

3. സംസ്ഥാന ഐ ടി സെല്ലിന്റെ 1/26/2019 തീ 18.3.2019 സർക്കുലർ പ്രകാരം കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായCPRCS മുഖേന മാത്രമേ ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുവാൻ പാടുള്ളൂ.ആയത് പാലിച്ചിട്ടില്ല.

4. പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രസ്തുത വാങ്ങൽ നടപടി പരിശോധിച്ചിട്ടില്ല. കൂടാതെ ലഭ്യമായ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് അന്വേഷണം നം. 26, തീയതി 26.8.21 ന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ട് സംഭവിച്ച തെറ്റാണെന്നും ഇനി ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്ന സമയത്ത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്ഥാപനത്തിൽ നിന്നുള്ള ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 99,950/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫൈനൽ ബിൽ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-23 പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.**

| | |
|---|---|
| പദ്ധതിയുടെ പേര് | പി എച്ച് സിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്റ്റ് നമ്പർ | 85/20 |
| | |

| | |
|---|---|
| അടങ്കൽ | 5,00,000<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 4,99,993 |
| ബിൽ നം | 12/19.12.20,14/7.1.20 |

പി എച്ച് സി യിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 4,99,993/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 3,44,060/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.25 തീയതി 26.8.21 ന് മറുപടിയായി ഇപ്പോഴും മരുന്നുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതിന് അനിയന്ത്രിതമായ കാലതാമസം ഉണ്ടാകുന്നുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 കായിക സമ്പൂർണ്ണത കൈവരിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ. 5,79,989/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0157/20(2017-18 സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കായിക സമ്പൂർണ്ണത കൈവരിക്കൽ - സമഗ്രകായിക ഗ്രാമം പദ്ധതി |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 580000/-(വി.ഫ ) |
| ചെലവ് | 579989/- |
| ബിൽ നം/തീ | 04/30.04.2019(399989/-)<br>08/21.08.2019(180000/-) |

2017-18,2018-19 വർഷങ്ങളിലെ സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിലെ 3 സ്കൂളുകളിൽ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുകയും അവ പരിശീലിപ്പിക്കുകയും ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗരേഖ പ്രകാരം (G.O(MS) No.22/2018/LSGD Dated 14/02/2018) ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിൽ എൽ.പി സ്കൂളുകളിൽ മാത്രമാണ് കായിക പരിശീലനത്തിന് അനുമതി നൽകിയിട്ടുള്ളത് .എന്നാൽ എസ്.എസ്.പി.ബി.എച്ച്.എസ് സ്കൂളിൽ യു.പി, ഹൈസ്കൂൾ കുട്ടികൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്. കൂടാതെ കീഴാറ്റിങ്ങൽ ജി.ബി.വി.യു.പി.എസ് സ്കൂളിൽ യു.പി വിഭാഗത്തിനും പരിശീലനം നൽകിയിട്ടുണ്ട്. മാർഗരേഖ ഉൾപ്പെടാത്ത പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

2) പ്രോജക്ടിന്റെ ചെലവിനത്തിൽ വീഡിയോ ചിത്രീകരണവുമായി ബന്ധപ്പെട്ട് അനിം സ്റ്റുഡിയോ എന്ന സ്ഥാപനത്തിന് 45000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ അംഗീകൃത പ്രോജക്ടിൽ പ്രസ്തുത ഇനത്തിനായി തുക വകയിരുത്തിയിട്ടില്ല. കൂടാതെ വീഡിയോ ചിത്രീകരണത്തിന് പ്രസ്തുത സ്ഥാപനത്തെ തെരെഞ്ഞെടുത്തത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) കായിക പരിശീലനം നടത്തിയ ഇനത്തിൽ ശ്രീ.രാമഭദ്രൻ എന്ന വ്യക്തിക്ക് 90000/- രൂപയും ശ്രീമതി.ശുഭ.എ എന്ന വ്യക്തിക്ക് 16000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. മേൽ വ്യക്തികളെ കായിക പരിശീലനത്തിന് നിയമിച്ചതിന്റെ വ്യവസ്ഥകളും നിയമനവുമായി ബന്ധപ്പെട്ട രേഖകളും വിവിധ സ്കൂളുകളിൽ പ്രോജക്ട് പ്രകാരം കായിക പരിശീലനം നടത്തിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പ്രിന്റിംഗ് ഇനത്തിൽ ദീപൻ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന് 15000/- രൂപയും ദ്രോണ എന്ന സ്ഥാപനത്തിന് 14000/- രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തത് സംബന്ധിച്ച രേഖകളും പ്രസ്തുത

ചെലവുമായി ബന്ധപ്പെട്ട പ്രിന്റ് ചെയ്ത് ഇനങ്ങളുടെ വിശദാംശവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) സെൻച്വറി സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും 399989/- രൂപയുടെ സ്പോർട് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നം.60/02.09.2021 ന്റെ മറുപടി) . ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതി ചെലവ് തുകയായ 579989/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 795981/- രൂപ തടസ്സപ്പെടുത്തുന്നു.

A)

| | |
|---|---|
| പ്രോജക്ട് നമ്പർ | S00159/20 |
| പ്രോജക്ടിന്റെ പേര് | 7,8 ക്ലാസിലെ കുട്ടികൾക്ക് മേശയും കസേരയും |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 350000/-(വി.ഫ എസ്,സി.പി) |
| ചെലവ് | 348242/- |
| ബിൽ നം/തീ | 01/30.04.2019 |

B)

| | |
|---|---|
| പ്രോജക്ട് നമ്പർ | S00149/20 |
| പ്രോജക്ടിന്റെ പേര് | 7,8 ക്ലാസിലെ കുട്ടികൾക്ക് മേശയും കസേരയും വാങ്ങൽ |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 450000/-(വി.ഫ എസ്,സി.പി) |
| ചെലവ് | 447739/- |
| ബിൽ നം/തീയതി | 03/30.04.2019 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകുന്നതിനായി 2017-18, 2018-19 വർഷങ്ങളിലെ സ്പിൽ ഓവർ പ്രോജക്ടായി പദ്ധതി(A)യും 2018-19 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായി പദ്ധതി(B) യും നടപ്പാക്കി. പ്രോജക്ട് (A)പ്രകാരം 70 സ്റ്റഡി ടേബിളും 70 കസേരകളും പ്രോജക്ട് (B)പ്രകാരം 90 സ്റ്റഡി ടേബിളും 90 കസേരകളും ആർട്ട്കോ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതി ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിവരങ്ങളും, അർഹത തെളിയിക്കുന്ന രേഖകളും ആനുകൂല്യം കൈപ്പറ്റിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ, മേൽ പദ്ധതികളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്( ഓഡിറ്റ് എൻക്വയറി നമ്പർ60/02.09.2021 ന്റെ മറുപടി). ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികളുടെ ആകെ ചെലവ് തുകയായ 795981/- രൂപ(348242+447739) തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

## 1-26 മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00158/20 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 150000/-(വി.ഫ) |
| ചെലവ് | 149246/- |
| ബിൽ നം/തീ | 02/30.04.2019 |

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകുന്നതിനായി 2017-18, 2018-19 വർഷങ്ങളിലെ സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി നടപ്പാക്കിയത്. പ്രോജക്ട് പ്രകാരം 30 സ്റ്റഡി ടേബിളും 30 കസേരകളും ആർട്ട്കോ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലഭ്യമാക്കിയ ഗ്രാമസഭ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 18 ഗുണഭോക്താക്കളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിവരങ്ങളും, അർഹത തെളിയിക്കുന്ന രേഖകളും ആനുകൂല്യം കൈപ്പറ്റിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.60/02.09.2021 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ അഭാവത്തിൽ 150000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

## 1-27 കിണർ റീ ചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | SO024/20 |
| പ്രോജക്ടിന്റെ പേര് | കിണർ റീചാർജ്ജിംഗ്-ജനറൽ |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 120000/-(54000 വി.ഫ,21600 ബ്ലോക്ക്.പ),32400 ജി.പ, 12000 ഗു.വി) |
| ചെലവ് | 80000/-(36000 വി.ഫ,14400 ബ്ലോക്ക്.പ, 21600 ജി.പ, 8000 ഗു.വി) |

ഗ്രാമപഞ്ചായത്തിലെ 15 ജലസേചന കിണറുകളിൽ റീചാർജ്ജിംഗ് നടത്തി ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 10 വ്യക്തികൾക്ക് സബ്സിഡി തുക അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത മിനിമോൾ( പൂരുട്ടാതി, കല്ലൂർക്കോണം), ശശികല( തുണ്ടിൽ വീട്, മേലാറ്റിങ്ങൽ) എന്നീ വ്യക്തികൾക്ക് സബ്സിഡി തുക അനുവദിച്ച നൽകിയിട്ടുണ്ട്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കത്ത് മുഖേന അറിയിപ്പ് നൽകിയതായും ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലാണ് ഗ്രാമ സഭ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ആനുകൂല്യം നൽകിയതെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 52/02.09.21ന്റെ മറുപടി). പദ്ധതി ആസൂത്രണത്തിലെയും ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ വീഴ്ചകൾ കാരണമാണ് മേൽ അപാകത സംഭവിച്ചത്. പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഓഡിറ്റ് ഇംപാക്ട് -തെങ്ങുകൃഷി വികസനം - അധികം നൽകിയ തുക തിരികെ ഒടുക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | SO025/20 |
| പ്രോജക്ടിന്റെ പേര് | തെങ്ങുകൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 112500 (വി.ഫ-34575/- ഗു.വി -28125/-) |
| ചെലവ് | 104625 (വി.ഫ-77062/- ഗു.വി -27563/-) |

മേൽ പ്രോജക്ട് പ്രകാരം തെങ്ങ് കൃഷിക്കായുള്ള ഉല്പാദ ഉപാധികൾ വാങ്ങിയ ഇനത്തിൽ KAICO യിൽ നിന്നും ലഭിച്ച ഇൻവോയ്സ് പ്രകാരമുള്ള ആകെ തുക 102750/-രൂപയാണ് (ഇൻവോയ്സ് നം.X-594/19-20/25.11.2019, 1157/19-20, 04.03.20). എന്നാൽ പ്രോജക്ടിൽ 104625/- രൂപ KAICO-യ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഗുണഭോക്തൃ വിഹിതത്തിൽ അധികം ചെലവഴിച്ച തുകയായ 1875/- രൂപ നിർവഹണ ഉദ്യോഗസ്ഥ ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

## 1-29 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടില്ല. സ്റ്റിയറിംഗ് കമ്മിറ്റിയാണ് പ്രൊക്യൂർമെന്റ് ടീമായി പ്രവർത്തിക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 07/24.08.2021ന്റെ മറുപടി).

3)ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി 01.11.2019, 10.12.2019 എന്നീ തീയതികളിൽ മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. 01.11.19ലെ യോഗത്തിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്ടിന്റെ ടെന്റർ നടപടികളാണ് നടന്നിട്ടുള്ളത്. 10.12.19ലെ യോഗത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തുന്ന വാങ്ങൽ പ്രക്രിയകളുടെ(സ്ട്രീറ്റ് ലൈറ്റുപകരണങ്ങൾ, വൃദ്ധർക്ക് കട്ടിൽ, പി.വി.സി. വാട്ടർ ടാങ്ക്) സാമ്പിൾ പരിശോധിച്ച് തീരുമാനങ്ങളെടുത്തിട്ടുണ്ട്.

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന പ്രോജക്ടുകളായ വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ, ലാബ് കെമിക്കൽസ് വാങ്ങൽ, മത്സ്യബന്ധനത്തിനായി വല, 7, 8 ക്ലാസുകളിലെ കുട്ടികൾക്ക് മേശയും കസേരയും, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ മുതലായവയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

തുടർ വർഷങ്ങളിൽ നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് നാളിതുവരെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. (മേൽ വിഷയം 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്). ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന ഫണ്ട് പൊതു ആസ്തിയായി മാറുന്നുണ്ടോയെന്നതിൽ അവ്യക്തതയുണ്ടാകുന്നു. ഉദാഹരണമമായി, പള്ളിക്കാട് റോഡ് നടപ്പാത യൂറോകോൺ പ്രവൃത്തിയുടെ (നമ്പർ187/20) ഫയലിൽ സ്ഥലവാസികളായ ശരണ്യ, വിമല എന്നിവരുടെ ലാന്റ് റിലിങ്ക്വിഷ്മെന്റ് അപേക്ഷകൾ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 7,02,821/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിസ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 39/31.08.2021) ഭൂമിയുടെ ഉടമസ്ഥർ ഭൂമി പഞ്ചായത്തിന് വിട്ടുനൽകിയിട്ടുണ്ടെന്നും അതിനുശേഷം ആസ്തി രജിസ്റ്ററിൽ പുതുതായി റോഡുകൾ ചേർക്കാൻ കഴിഞ്ഞില്ലായെന്നുമാണ് മറുപടി. പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയതിന്റെ രേഖകളും തുടർ നടപടിക്രമങ്ങളും ലഭ്യമാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും പരാമർശിക്കപ്പെട്ട പ്രവൃത്തി സ്ഥലം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതാണെന്ന്

അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ33/27.08.2021ന്റെ മറുപടി). വരും വർഷങ്ങളിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി നിലവിൽ രൂപീകരിച്ചിട്ടില്ലായെന്നും അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തി അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05/24.08.2021ന്റെ മറുപടി). പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികളില്ല

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാട്ടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാട്ടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ കണ്ടൽ കാട്ടുകളില്ലായെന്നും കാവുകളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 06/24.08.21ന്റെ മറുപടി). പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-33 ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എയിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

1) മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | യോഗങ്ങൾ ചേർന്ന തീയതികൾ | | |
|---|---|---|---|
| 1 | 16.02.2019 | 23.11.2019 | 22.02.2020 |
| | | | |

| | | | |
|---|---|---|---|
| 5 | 17.02.2019 | 23.11.2019 | 23.02.2020 |
| 6 | 16.02.2019 | 24.11.2019 | 22.02.2020 |
| 9 | 16.02.2019 | 24.11.2019 | 22.02.2020 |
| 10 | 15.02.2019 | 24.11.2019 | 23.02.2020 |
| 14 | 17.02.2019 | 24.11.2019 | 23.02.2020 |
| 16 | 16.02.2019 | 23.11.2019 | 22.02.2020 |

തുടർ വർഷങ്ങളിൽ പ്രസ്തുത നിബന്ധന പാലിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/ 25.08.2021ന്റെ മറുപടി).

2)ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തിട്ടില്ല. അംഗങ്ങളെ പ്രസിഡന്റ് മുഖാന്തിരം ക്ഷണിക്കാറുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനക്ക് വരുന്നില്ല.

ഗ്രാമസഭകൾ നിയമ പ്രകാരം സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-34 പാലിന് സബ്സിഡി - വകയിരുത്തുന്ന ഫണ്ടിന്റെ വിനിയോഗം ഉറപ്പാക്കുന്നില്ല

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ ചുവടെ ചേർക്കുംപ്രകാരം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പേര് | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി (വനിത) | |
|---|---|---|
| പ്രോജക്ട് നമ്പർ | S0015/20 | |
| | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 200000 | 36542 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | 100000 |
| ജില്ല പഞ്ചായത്ത് വിഹിതം | 75000 | 0 |
| ആകെ | 475000 | 136542 |

| പേര് | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി(ജനറൽ) | |
|---|---|---|
| പ്രോജക്ട് നമ്പർ | S0016/20 | |
| | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 200000 | 72580 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 150000 | 0 |
| ജില്ല പഞ്ചായത്ത് വിഹിതം | 50000 | 0 |
| ആകെ | 400000 | 72580 |

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക3.5.4 പ്രകാരം വകയിരുത്തേണ്ട വിഹിതം നിശ്ചയിച്ച് ഓരോ സ്ഥാപനവും പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണെന്നും മുഖ്യ പങ്കാളിയായ സ്ഥാപനം വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. ഇപ്രകാരം കരാറിലേർപ്പെട്ടിട്ടില്ല.

300 വീതം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായുള്ള പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി വനിതകൾക്കായി 66പേരുടെയും ജനറൽ വിഭാഗത്തിനായി 27 പേരുടെയും ഗുണഭോക്തൃ ലിസ്റ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അധിക ലിസ്റ്റിനായി രണ്ട് പ്രാവശ്യം അപേക്ഷ നല്കിയിട്ടും ലഭിച്ചില്ലായെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ 23.03.20ൽ സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്. ഭരണസമിതിയുടെ 2(11)/20.02.20-ാം നമ്പർ തീരുമാനംപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കൈമാറിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

അഡിഷണൽ ഗുണഭോക്തൃലിസ്റ്റ് 2020മാർച്ചിന് ശേഷം ലഭ്യമായതിനെതുടർന്ന് ബ്ലോക്ക് വിഹിതവും വനിത പ്രോജക്ടിന്റെ ജില്ല പഞ്ചായത്ത് വിഹിതവും വികസനഫണ്ടും സ്പിൽ ഓവറായി ചെലവഴിച്ചുവെന്നും ജനറൽ

പ്രോജക്ടിന് ജില്ല പഞ്ചായത്ത് വിഹിതം ലഭിച്ചില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 29/26.08.2021ന്റെ മറുപടി).

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകരിച്ച് ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് യഥാസമയം കൈമാറാതിരുന്നതും സംയുക്ത പ്രോജക്ടിലെ എല്ലാ വിഹിതവും ഉറപ്പാക്കാതിരുന്നതും വീഴ്ചയായി വിലയിരുത്തുന്നു. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെയും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തിന്റെയും അഭാവത്താൽ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ 30 മരാമത്ത് പ്രവൃത്തികളിൽ 10 എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ വിശദാംശം |
|---|---|---|---|
| I | SO162/20 | ഇടയ്ക്കോട് കോളനി നവീകരണം | തർക്കമുണ്ടായതിനാൽ ഓട നിർമ്മാണം ഒഴിവാക്കി കോളനി നിവാസികളുടെ അതിർത്തി കെട്ടിത്തിരിക്കുന്നതിനായി ഇനം 4,5എന്നിവ ഒഴിവാക്കിയും ഇനം 1, 2, 6 ഇനങ്ങളുടെ അളവ് കുറച്ചും ഇനം 3ന്റെ അളവ് കൂട്ടിയും എസ്റ്റിമേറ്റ് പുതുക്കി |
| Ii | SO184/20 | പൂന്തോട്ടം ജലസംരക്ഷണം | 5മുതൽ 9വരെയുള്ള അഞ്ചിനങ്ങൾ ഒഴിവാക്കി രണ്ട് അധിക ഇനങ്ങൾ ഉൾപ്പെടുത്തി |
| Iii | SO187/20 | പള്ളിക്കാട് റോഡ് നടപ്പാത യൂറോകോൺ - വാർഡ്12 | ലെവൽ വ്യത്യാസമുള്ളതിനാൽ കുഴികളടച്ച് ലെവൽ ചെയ്യുന്നതിനായി Water Collecton Ductലെ 6 ഇനങ്ങളും Side Wallലെ Steel Reinforcement For RCC Workഉം ഒഴിവാക്കി 2 അധിക ഇനങ്ങൾ ഉൾപ്പെടുത്തി |

സ്ഥലപരിശോധന നടത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും പ്രവൃത്തി നിർവ്വഹണം ആരംഭിക്കുമ്പോൾ കാലാവസ്ഥാ വ്യതിയാനം മൂലവും ജനങ്ങളുടെ ആവശ്യം പരിഗണിച്ചും വ്യത്യാസങ്ങൾ വരുത്തേണ്ടി വരുന്നുവെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 36/31.08.2021ന്റെ മറുപടി). സ്ഥലപരിശോധന നടത്തുകയും പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവിഷന്റെ ആവശ്യകത ഭൂരിഭാഗം പ്രവൃത്തികളിലും ഉണ്ടാകില്ലെന്ന് വ്യക്തമാണ്.

ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധനയും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

## 1-36 ഓവർഹെഡ് ചാർജ് ഇനത്തിൽ അധികച്ചെലവ്

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്വെയർ മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

I)പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

Ii)സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

Iii) ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

Iv)മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

V) മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

Vi)വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

Vii) നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കുമ്പോൾ MORD Specification വഴി അംഗീകരിച്ച ഓവർഹെഡ് ചാർജാണ് നൽകുന്നതെന്നാണ് വിശദീകരണം( ഓഡിറ്റ് എൻക്വയറി നമ്പർ 41/31.08.2021ന്റെ മറുപടി).

ഒരു റോഡിന്റെ പൂർണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്

വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-37 ആധുനിക ശ്മശാനത്തിന് ചുറ്റുമതിൽ – ഭാഗികമായി നടപ്പാക്കി ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO190/20 |
| അടങ്കൽ തുക | 3,70,000<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് തുക | 257735 |
| ബിൽ നമ്പർ | 20/05.12.2019 |
| കരാറുകാരൻ | ബിനീഷ് ചന്ദ്രൻ<br>(ഐറ്റം നിരക്ക്) |
| എം-ബുക്ക് നമ്പർ | 119/17-18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ശ്മശാനത്തിനായുള്ള ഭൂമിയുടെ സംരക്ഷണത്തിനായി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 2016-17ൽ 234/17-ാം നമ്പരായി അംഗീകാരം വാങ്ങിയ പ്രവൃത്തിയിൽ 1290000/-രൂപ ധനകാര്യകമ്മിഷൻ അവാർഡ് തുക അടങ്കൽ വകയിരുത്തിയിരുന്നു. സാങ്കേതികാനുമതി പത്രം (നമ്പർ 91613/16-17) പ്രകാരം പൂർത്തീകരണ കാലാവധി 2മാസമായിരുന്ന പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം കൈമാറിയത് 12.05.2017ലാണ്.

ചുവടെ ചേർക്കുന്ന 12 ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

I) Earthwork Excavation

Ii)Bailing Out Water

Iii)Position Cement Concrete

Iv)DR Masonary

V)Re-Inforced Cement Concrete

Vi)Centering And Shuttering

Vii)Steel Re-Inforcement

Viii)RR Masonary For Foundation

Ix)Solid Block Masonary

X)12mm Cement Plaster

Xi)Steelwork For Gate

Xii)Information Board

സമീപവാസികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവന്നുവെന്നും ചെയ്ത പ്രവൃത്തിയിനങ്ങൾക്കുള്ള തുക നൽകണമെന്നുമുള്ള കരാറുകാരന്റെ കത്ത് ഫയലിലുണ്ട്. മേൽ ഇനങ്ങളിൽ

ആദ്യ 4 ഇനങ്ങൾ ചെയ്യതിന് ആദ്യ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ട്.

സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി നിർവ്വഹിക്കാൻ തടസ്സമുണ്ടായെന്നും പഞ്ചായത്ത് വക ഭൂമിയുടെ മൂന്ന് വശങ്ങളിലെ അതിർത്തിയിൽ Basement നിർമ്മിച്ച് Part Bill നൽകിയിട്ടുണ്ടെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 37/ 31.08.2021ന്റെ മറുപടി). ശ്മശാനം നിർമ്മിക്കുന്നത് നാട്ടുകാർ എതിർത്തതിനെ തുടർന്ന് പ്രോജക്ട് ഉപേക്ഷിക്കേണ്ടിവന്നുവെന്നും മറ്റ് പ്രോജക്ടുകൾ പ്രസ്തുത സ്ഥലത്ത് നിർവ്വഹിക്കുന്നതിന് തടസ്സമുണ്ടാവാൻ സാദ്ധ്യതയില്ലാത്തതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കെട്ടിടവും ചുറ്റുമതിലും നിർമ്മിക്കുന്നത് ഭരണസമിതിയുടെ പരിഗണനയിലാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-38 ലൈഫ് ഭവനപദ്ധതി വ്യക്തിഗത ടോയ്‌ലറ്റ് നിർമാണം - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ - ചെലവ് തുക 4,20,000/-തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 168/20 |
| വകയിരുത്തൽ | 755000 (275,000 വികസനഫണ്ട്, 480,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1. ബിൽ നം. 33/18-1-20, തുക 275,000<br>ചെക്ക് നം. 797562/30-3-2020, തുക 145,000 |
| നിർവഹണം | വി ഇ ഒ |

ലൈഫ് ഭവനപദ്ധതി / ഐ എ വൈ ഭവനനിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് വ്യക്തിഗത ടോയ്‌ലറ്റ് നിർമാണത്തിനായി വികസനഫണ്ടും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വകയിരുത്തി നടപ്പാക്കിയതാണ് പദ്ധതി. ഓരോ ഗുണഭോക്താവിനും 12,000/-രൂപ വീതം 35 ഗുണഭോക്താക്കൾക്കായി ആകെ 4,20,000/-രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സ.ഉ(സാധാ)നം.292/2019/തസ്വഭവ തീയതി 11-2-19 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വമേഖലയ്ക്ക് മാറ്റി വെച്ചിരിക്കുന്ന വിഹിതത്തിൽ നിന്നും അനിവാര്യ ശുചിത്വപ്രവർത്തനത്തിന് ശേഷം ആവശ്യമെങ്കിൽ ടോയ്‌ലറ്റ് നിർമ്മാണത്തിന് തുക ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കാണ് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ ഐ എ വൈ ഗുണഭോക്താക്കൾക്കും പ്രസ്തുത പ്രോജക്ടിന്റെ ആനുകൂല്യം നൽകിയിട്ടുണ്ട്.

2. ഗുണഭോക്താക്കളുടെ അപേക്ഷ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ചെയ്യ പ്രവൃത്തികളുടെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 45/1-9-2021 ) ഐ.എ.വൈ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാവുന്നതാണെന്ന് മറുപടി ലഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട 195 ത.സ്വ.ഭ സ്ഥാപനങ്ങളിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്.വിഹിതവും പി.എം.എ.വൈ. വിഹിതവും ടോയ്‌ലറ്റ് നിർമാണത്തിന് ഉപയോഗിക്കുന്നതിന് പ്രസ്തുത ഉത്തരവിൽ അനുമതി നൽകിയിട്ടുണ്ടെങ്കിലും ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കൊപ്പം ഐ.എ.വൈ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് പരാമർശമില്ല. മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട 195 ത.സ്വ.ഭ സ്ഥാപനങ്ങളിൽ കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയുമില്ല. ആയതിനാൽ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി അംഗീകരിക്കുന്നില്ല.

ഭവനനിർമാണത്തിനായി സമർപ്പിക്കുന്ന പ്ലാനിൽ ടോയ്‌ലറ്റ് ഉൾപ്പെടെയാണ് അംഗീകരിച്ച് നൽകുന്നതെന്നും സബ്സിഡി മാർഗരേഖ പ്രകാരം ടോയ്‌ലറ്റ് നിർമാണത്തിന് യൂണിറ്റ് കോസ്റ്റായി 12000/-രൂപയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും പ്രവൃത്തി പൂർത്തികരിച്ചെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും വിശദീകരിച്ചിട്ടുണ്ട്. ത.സ്വ.ഭ.(ഡി.എ.)വകുപ്പിന്റെ 23-02-2019 ലെ ഡി.എ.1/72/2019 സർക്കുലർ പ്രകാരം വ്യക്തിഗത കക്കൂസ് നിർമാണം മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കക്കൂസ് നിർമാണം പ്രോജക്ട്/അപേക്ഷയോടൊപ്പം ഇതിന്റെ ആവശ്യകത, മറ്റ് വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വമിഷൻ

ജില്ലാ കോ ഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തി കോ ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള മുൻകൂർ അനുമതി ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഭവനപദ്ധതിയോടൊപ്പം ടോയ്‌ലറ്റ് നിർമ്മാണം നടത്തിയതിന്റെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫോട്ടോയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 4,20,000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർഹണോദ്യോഗസ്ഥനായി ചുവടെ പറയുന്ന മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ |
|---|---|---|---|
| 2 | SO 30/202 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 238000 |
| 3 | SO 203/20 | മിനി എം സി എഫ് സ്ഥാപിക്കൽ | 1104000 |
| 4 | SO 205/20 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 200000 |
| 5 | SO 215/20 | കളക്ടേഴ്സ് സ്കൂൾ ( സർക്കാർ സ്കൂളുകളിൽ മിനി എം സി എഫ് ) | 101600 |

ഗുണഭോക്തൃവിഹിതം അടച്ച് കരാർ വയ്ക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതി (ക്രമ നം.1) നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നും എം.സി.എഫ്. നിലവിലില്ലാത്തതിനാൽ ഹരിതകർമസേന പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നതിനാലാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പദ്ധതി (ക്രമ നം.3) നടപ്പിലാക്കാൻ കഴിയാഞ്ഞതെന്നും മിനി എം സി എഫ് സ്ഥാപിക്കൽ, കളക്ടേഴ്സ് സ്കൂൾ (സർക്കാർ സ്കൂളുകളിൽ മിനി എം സി എഫ്) എന്നീ നിർമാണ പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കേണ്ട പ്രവൃത്തി ലോഗിൻ മാറ്റം വരുത്താൻ അപേക്ഷ നൽകിയെങ്കിലും നിർവഹണ ഉദ്യോഗസ്ഥൻ ലോഗിൻ മാറ്റം വരുത്താത്തതിനാലാണ് നടപ്പിലാക്കാൻ കഴിയാതിരുന്നതെന്നുമാണ് ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/1-9-2020) മറുപടി ലഭിച്ചത്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന മാലിന്യ നിർമ്മാർജനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-40 വി ഇ ഒ യുടെയും സെക്രട്ടറിയുടെയും പേരിലുള്ള നിഷ്ക്രിയ അക്കൗണ്ടിൽ 251863/-രൂപയുടെ ബാലൻസ് തുക നിലനിർത്തിയിരിക്കുന്നു.

എൽ.എസ്.ജി.ഡി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 7-10-2018 ലെ ഡി.ഡി2/455/2018/എൽഎസ്ജിഡി നമ്പർ കത്തിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് ബാങ്കിൽ സെക്രട്ടറിയുടെയും വി ഇ ഒ യുടെയും പേരിലുള്ള 40092200028074 നമ്പർ അക്കൗണ്ടിലുള്ള ബാലൻസ് തുകയായ 251863/-രൂപ ജനറൽ കമ്മിറ്റിയുടെ 16-12-2019 ലെ 23(1) നമ്പർ തീരുമാനം പ്രകാരം ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കുന്നതിന് തീരുമാനം എടുത്തെങ്കിലും നാളിതുവരെയായും തിരിച്ചടവാക്കിയിട്ടില്ല. തുക തിരിച്ചടയ്ക്കുന്നതാണെന്ന് ഓഡിറ്റ്

എൻക്വയറിക്ക് (നം. 47/1-9-2021) വി ഇ ഓ മറുപടി നൽകി. പ്രസ്തുത അക്കൗണ്ടിൽ നിലനിൽക്കുന്ന തുക ബന്ധപ്പെട്ട ഹെഡിൽ മുതൽക്കൂട്ടേണ്ടതും അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-41 വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ - അപാകങ്ങൾ

ജനറൽ, എസ് സി, വിഭാഗത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ താഴെ പറയുന്ന 3 വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ വി ഇ ഓ നിർവഹണം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് പേര്, നമ്പർ | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| 1 | വീട് വാസയോഗ്യമാക്കൽ - ജനറൽ (SO 27/20) | 1600000 | 1325000 |
| 2 | വീട് വാസയോഗ്യമാക്കൽ - എസ് സി പി (SO 45/20) | 2400000 | 1425000 |
| 3 | വീട് വാസയോഗ്യമാക്കൽ - ജനറൽ , സ്പിൽ ഓവർ (SO 155/20) | 50000 | 50000 |

സ.ഉ.(കൈ)നം.22/2018/തസ്വഭവ/14-02-2018 ഖണ്ഡിക 6.7.6 പ്രകാരം വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കേണ്ടതാണ്. എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ എസ് സി വിഭാഗങ്ങൾക്ക് 150,000/-രൂപയും ജനറൽ ഗുണഭോക്താക്കൾക്ക് 1,00,000/-രൂപയും സബ്സിഡി നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 51/2-9-2021) പലപ്പോഴും ഗുണഭോക്താക്കൾ തയ്യാറാക്കിതരുന്ന എസ്റ്റിമേറ്റുകൾക്ക് ആധികാരികത ഇല്ലാത്തതിനാൽ എല്ലാ ഗുണഭോക്താക്കളുടെയും എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ പരിശോധിച്ച് തയ്യാറാക്കിയാണ് തരുന്നതെന്നും പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചത് അറിവില്ലായ്മയായി കണക്കാക്കണമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പിലാക്കാൻ നിർവഹണോദ്യോഗസ്ഥ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-42 വാറന്റി കാലയളവിലുള്ള ലാപ്ടോപ്പുകൾക്ക് എ എം സിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു-

| | |
|---|---|
| പ്രോജക്ട് നമ്പർ | 7/20 |
| പ്രോജക്ടിന്റെ പേര് | കമ്പ്യൂട്ടർ മെയിന്റനൻസിനായികെൽട്രോണുമായി കരാറിലേർപ്പെടൽ |
| അടങ്കൽ | 117646 |
| ചെലവ് | 117646 |
| ബിൽ നമ്പർ | 25/19-20 തിയ്യതി-16-12-19 തുക 75000<br>35/19-20 തിയ്യതി-18-3-20 തുക 42646 |

പദ്ധതി പ്രകാരം കെൽട്രോണിന്റെ ഇൻവോയ്സ് നം-CGS/07747/19 20 DT911-19 പ്രകാരം 13 ഡെസ്ക്ടോപ്പുകൾ, 11 പ്രിന്ററുകൾ, ഒരു സെർവർ, ഒരു സ്കാനർ, രണ്ടു ലാപ്ടോപ്പുകൾ എന്നിവ വാർഷിക മെയിന്റനൻസ് കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1-3-18 ന Zigma Solutions Vanchiyur എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം Zs/453/2017-18 Dt-1-3-18 പ്രകാരം വാങ്ങിയ 3 വർഷം വാറന്റിയുള്ള (1-3-21 വരെ) രണ്ടു ലാപ്ടോപ്പുകൾ കൂടി ഇപ്രകാരം നിലവിൽ വാറന്റി പീരീഡിലിരിക്കെ എ എം സി യിൽ ഉൾപ്പെടുത്തി 18000(9000x2) രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം-43 /31-8-21 ലഭ്യമാക്കിയ മറുപടിയിൽ ലാപ്ടോപ്പ് ഉപയോഗിച്ച് കൊണ്ടിരുന്നവരിൽ നിന്നും ഹാർഡ്‌വെയർ കംപ്ലയിന്റ് കീ ബോർഡ് ഉൾപ്പെടെ വന്നിട്ടുള്ളതാണെന്നും ആയതിനാൽ വാറന്റി ലഭിക്കുമായിരുന്നില്ലായെന്നുമാണ്

അറിയിച്ചിട്ടുള്ളത്. എന്നാൽ Zigma Solutions Vanchiyur എന്ന സ്ഥാപനവുമായി ഏർപ്പെട്ട കരാർ പരിശോധിച്ചതിൽ ആർട്ടിക്കിൾ 3 പ്രകാരമുള്ള കരാർ വ്യവസ്ഥ പ്രകാരം "The Contractor Shall Provide Support For All Equipment During The Warranty Period" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ വ്യവസ്ഥകൾ യഥാവിധി പരിശോധിക്കാതെ വാറന്റി കാലയളവിലുള്ള ലാപ്ടോപ്പുകൾ എ എം സിയിലുൾപ്പെടുത്തിയതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും വീഴ്ചവന്നതായി കാണുന്നു. ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-43 ലൈഫ് മിഷൻ വായ്പ തിരിച്ചടവ്-ലോൺ രജിസ്റ്റർ,തുക സോഴ്സ് ഡിഡക്ഷൻ നടത്തിയ സർക്കാർ ഉത്തരവ് എന്നിവ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 217/20 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ-മുതൽ വായ്പ തിരിച്ചടവ് |
| അടങ്കൽ | 882353 |
| ചെലവ് | 882353 |
| ഫണ്ടിനം | വികസന ഫണ്ട് -ജനറൽ |

ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് വികസന ഫണ്ടിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്.

| സർക്കാർ ഉത്തരവ് | തുക | ഫണ്ടിനം |
|---|---|---|
| സ ഉ (സാധാ)6105/2019/ ധന തിയ്യതി-1-8-19 | 294118 | വികസന ഫണ്ട്-ജനറൽ |
| സ ഉ (സാധാ)6105/2019/ ധന തിയ്യതി-1-8-19 | 22059 | SCP |
| സ ഉ (സാധാ)6105/2019/ ധന തിയ്യതി-1-8-19 | 294117 | വികസന ഫണ്ട്-ജനറൽ |
| സ ഉ (സാധാ)6105/2019/ ധന തിയ്യതി-1-8-19 | 22059 | SCP |

മേൽ ഉത്തരവുകൾ പ്രകാരം ലൈഫ് മിഷൻ ജനറൽ ഇനത്തിൽ 588235/- രൂപയും എസ് സി പി ഇനത്തിൽ 44118/- രൂപയും അടക്കം ആകെ 632353/- രൂപയാണ് കുറവു ചെയ്തിരിക്കുന്നത്. വാർഷിക കണക്ക പ്രകാരവും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റെ പ്രകാരം 882353/- രൂപ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുക കുറവു ചെയ്തതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ്/രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 43/31-8-21 നൽകിയെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. എസ് സി പി ഫണ്ടിൽ ചെലവുണ്ടെങ്കിലും അപ്രകാരം പദ്ധതി രൂപീകരിച്ചതായി കാണുന്നില്ല. ലോൺ ഇനത്തിലെ വരവു ചെലവുകൾ നീക്കിയിരിപ്പ് (ഫണ്ട് തിരിച്ച്) രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. 250000/- രൂപ ഇത്തരത്തിൽ ലോൺ ഇനത്തിലേക്ക് സോഴ്സ് ഡിഡക്ഷൻ നടത്തിയ സർക്കാർ ഉത്തരവും ലോൺ രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-44 ദാനാധാരം കിട്ടിയ ഭൂമിയുടെ രജിസ്ട്രേഷൻ -രേഖകൾ ലഭ്യമാക്കിയില്ല-ചെലവു തുക 81,905/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 225/20 |
| പ്രോജക്റ്റിന്റെ പേര് | ദാനാധാരം കിട്ടിയ ഭൂമിയുടെ രജിസ്ട്രേഷൻ ചാർജ്ജും മറ്റ് ചെലവുകളും |
| അടങ്കൽ | 115000 |
| ചെലവ് | 81905 |
| ഫണ്ടിനം | തനതു ഫണ്ട് |
| | |

| | |
|---|---|
| വൌച്ചർ നമ്പർ | 21900819/10-1-20-തുക-70500<br>21900829/10-1-20-തുക-6576<br>21900836/10-1-20-തുക-2230<br>21900849/10-1-20-തുക-2600 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന് വൃദ്ധസദന നിർമ്മാണത്തിനോ, ആശുപത്രിയുടെ അനുബന്ധ കെട്ടിട നിർമ്മാണത്തിനോ വിനിയോഗിക്കുന്നതിനായി സൌജന്യമായി മോഹൻദാസ് എന്നയാളിൽ നിന്നും ദാനാധാരമായി ലഭിച്ച 23.5 സെന്റ് ഭൂമിയുടെ രജിസ്ട്രേഷൻ അനുബന്ധ ചെലവുകളും ഭൂമി വിട്ടുനൽകിയ ആളെ ആദരിക്കുന്നതിനും ഉള്ള ചെലവ് വഹിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. വില്ലേജ് രേഖകളിൽ മാറ്റം വരുത്തുവാൻ തഹസിൽദാർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നിലവിലെ കൈവശാവകാശ സർട്ടിഫിക്കറ്റ്, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 43/31-8-21 -ാം നമ്പർ എൻക്വയറിക്ക് മറുപടിയായി പ്രസ്തുത ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ പേരിൽ പട്ടയം പിടിച്ച് കരം അടവാക്കുന്നതിനായി കീഴാറ്റിങ്ങൽ വില്ലേജ് ഓഫീസർക്ക് കത്തും രേഖകളും കൈമാറിയിട്ടുള്ളതും റീസർവ്വേ കഴിഞ്ഞ പ്രദേശമാകയാൽ ലാന്റ് സർവ്വേ വകുപ്പിലേക്ക് പട്ടയം കൈമാറ്റ അനുമതിക്കായി വില്ലേജ് ഓഫീസർക്ക് കൈമാറിയിട്ടുള്ളതുമാണ് എന്നറിയിച്ചിട്ടുണ്ട്. ഖണ്ഡിക പ്രകാരം പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ ചെലവു തുക 81905 തടസ്സത്തിൽ വക്കുന്നു.

## 1-45 പത്ര പരസ്യം നൽകൽ-സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൌണ്ട് ഉറപ്പു വരുത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ 7/20

പ്രോജക്ടിന്റെ പേര്-പദ്ധതി ആസൂത്രണം മോണിറ്ററിംഗ്

| ബിൽ നമ്പർ/ തിയ്യതി | തുക |
|---|---|
| 32/19-20 -6-2-20 | 17027 |
| 37/19-20-19-3-20 | 3856 |
| 40/19-20/31-3-20 | 7711 |

മേൽ ബില്ലുകൾ പ്രകാരം ദേശാഭിമാനി പ്രിന്റിംഗ് പ്രസ്സിന് 23134/- രൂപയും മാതൃഭൂമിക്ക് 5460/-രൂപയും പദ്ധതി നിർവഹണം സംബന്ധിച്ച പത്ര പരസ്യം നൽകുന്നതിനായി നൽകിയിട്ടുണ്ട്. ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് പി & എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. അത്തരത്തിൽ ഡിസ്കൌണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം -50)പരസ്യ നിരക്കിന്റെ ഡിസ്കൌണ്ട് കിഴിച്ചിട്ടുള്ള തുകക്കാണ് ബിൽ തയ്യാറാക്കുന്നതെന്നും പ്രസ്തുത ഡിസ്കൌണ്ട് ബില്ലിൽ രേഖപ്പെടുത്തുന്നില്ല എന്നാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. സർക്കാര് ഉത്തരവു പ്രകാരം അർഹതപ്പെട്ട കിഴിവ് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-46 വെള്ളക്കരമിനത്തിൽ 1,53,18,628/- രൂപയുടെ കുടിശ്ശിക

പ്രോജക്ട് നമ്പർ -216/20

പ്രോജക്ടിന്റെ പേര്- ജല അതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക തുക

| സർക്കാർ ഉത്തരവ് നം | തുക |
|---|---|
| 2772/19 ധന തിയ്യതി-3-4-19- | 216908 |
| 6105/19 ധന തിയ്യതി-1-8-19- | 216908 |

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ ഇൻവോയ്സ് നം-41365/13-3-20 പ്രകാരം പഞ്ചായത്ത് പരിധിയിലെ 300 പൊതു ടാപ്പുകൾക്ക് 31-3-20 വരെയുള്ള തുക താഴെ ചേർക്കും വിധമാണ്.

| | |
|---|---|
| Closing Balance As On 29-2-20 | 14895156 |
| Fine | 292222 |
| Demand For The Month | 131250 |
| Other Charges | Nil |
| Total | 15318628 |

മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിൻ അനുസൃതമായാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്നത്. ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല. ഒരോ മാസത്തിലും പിഴ പലിശ ഇനത്തിൽ മൂന്ന് ലക്ഷത്തിനടുത്ത തുകയാണ് ഡിമാന്റ് ചെയ്യപ്പെടുന്നത്. തൻ വർഷം വെള്ളക്കരം അടവാക്കുന്നതിന് പഞ്ചായത്ത് പദ്ധതി രൂപീകരിച്ചിട്ടില്ല, മറിച്ച് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം കുടിശ്ശികയിലേക്ക് സോഴ്സ് ഡിഡക്ഷൻ ചെയ്തുപോയിട്ടുള്ളതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 22-12-16 ലെ കെ എസ് എ റ്റി വി എം ജി പി 8/2113/2016 നമ്പർ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 ൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പൊതുടാപ്പുകളുടെ എണ്ണത്തിനെപ്പറ്റി തടസ്സവാദം ഉള്ളതുകൊണ്ടും ഫണ്ടില്ലായ്മ കൊണ്ടുമാണ് തൻവർഷം ഈ വിഷയത്തിൽ പദ്ധതി വയ്ക്കാതിരുന്നതെന്നും ആണ് സ്ഥാപനം അറിയിച്ചിട്ടുള്ളത്.

ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23-6-21 തീയ്യതിയിലെ ABI-RO/1772/WSON/ATLകത്ത് പ്രകാരം പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തുവാൻ ആവശ്യപ്പെട്ട് ബന്ധപ്പെട്ട ഡിവിഷനുകളിലെ എ ഇ മാർക്ക് കത്തയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി ഉപയോഗ യോഗ്യമായ ടാപ്പുകൾക്ക് മാത്രം തുക നൽകുന്ന വെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ കുടിശ്ശികയുടെ ആധികാരികത പഞ്ചായത്ത് പരിശോധിച്ച് ഉറപ്പു വരുത്തി ഭരണസമിതി ചർച്ചചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.05.09-ലെ ഉത്തരവ് ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 50/1-09-2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിലേയ്ക്കാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-48 ജി എസ് ടി ടാക്സ് ഇൻവോയ്സിന് പകരം സ്ഥാപനത്തിന്റെ ലെറ്റർ പാഡിൽ ബിൽ ഹാജാരാക്കിയതിന് തുക അനുവദിച്ചു - 99,450/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 156/20(SO) |
| പ്രോജക്റ്റിന്റെ പേര് | കോൺഫറൻസ് ഹാളും സെർവർ റൂം എന്നിവ എ സി യാക്കൽ |
| ബിൽ നമ്പർ | 2/19-20 തിയ്യതി-28-4-19 തുക 99450 |

പദ്ധതി പ്രകാരം വികസന ഫണ്ട് ഉപയോഗിച്ച് കോൺഫറൻസ് ഹാളും സെർവർ റൂം എന്നിവ എ സിയാക്കൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

A. പർച്ചെയ്സുമായി ബന്ധപ്പെട്ട് ഇക്കോലൈറ്റ് എന്ന സ്ഥാപനത്തിന്റെ ജി എസ് ടി ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

B.സ്ഥാപനത്തിന്റെ ലെറ്റർ പാഡിൽ ബിൽ നം /തിയ്യതി എന്നിവ രേഖപ്പെടുത്തിയ ബിൽ ആണ് ലഭ്യമാക്കിയിരിക്കുന്നത്. സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ (സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല) ബിൽ ലെറ്റർ പാഡിലേ

തരുകയുള്ളു എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/1-9-21)G S T ബിൽ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ജി.എസ്.ടി ബിൽ ലഭ്യമാക്കി ഇക്കാര്യത്തിലെ അവ്യക്തത നീക്കേണ്ടതാണ്. രേഖകൾ/വിശദാംശങ്ങൾ ലഭ്യമാക്കും വരെക്കും ചെലവു തുക 99450/- തടസ്സത്തിൽ വക്കുന്നു.

## 1-49 മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ വിവരം ലഭ്യമല്ല

വൗച്ചർ നം-21900117/14-5-19 തുക-160000

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

മേൽ വൗച്ചർ പ്രകാരമുള്ള തുക മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് ഒന്നിന് 10000/- രൂപ വച്ച് 16 വാർഡുകൾക്കായി പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളു. (ഓഡിറ്റ് എൻക്വയറി 55/02.09.21). തുക എപ്രകാരം ചെലവഴിച്ചുവെന്നത് സംബന്ധിച്ച അനുബന്ധ രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കും വരെക്കും ചെലവു തുക 160000/- രൂപ തടസ്സത്തിൽ വക്കുന്നു.

## 1-50 SLI GIS വിഹിതം ഈടാക്കിയതിൽ കുറവ്

വൌച്ചർ നം-2190082/29-4-19 തുക-7205

വൌച്ചർ നം-2190081/29-4-19 തുക-5900

വൌച്ചർ നം-21900230/15-6-19 തുക-7205

വൌച്ചർ നം-21900229/15-6-19 തുക-5900

വിവിധ മാസങ്ങളിലായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും GIS, SLI ഇനങ്ങളിൽ ഈടാക്കി അടവാക്കിയിട്ടുണ്ട്. ജി ഒ പി 149/2016 DT 4-10-17 പ്രകാരമുള്ള നിരക്കിലല്ല താഴെ പറയുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയിരിക്കുന്നത്.(ഓഡിറ്റ് എൻക്വയറി നം-57/2-9-21).

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | തുക(SLI) | തുക(GIS) |
|---|---|---|---|
| ഷീജ | 30700 | 150 | NA |
| രമ്യ | 19000 | NIL | NA |
| മിനി | 34800 | NA | 200 |
| അജിത് | 29900 | NA | 150 |

മേൽ ജി ഒ പ്രകാരം ജീവനക്കാരുടെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 പാഥേയം -വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 123/20 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം |
| അടങ്കൽ- | 228000(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 205860(വികസന ഫണ്ട് ജനറൽ) |
| ബിൽ നം-തുക | നം-1/19-20 തിയ്യതി 15-11-19 തുക 205860 |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പാഥേയം പദ്ധതിക്കായി മേൽ ബിൽ പ്രകാരം 205860/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി-നം-24/26-8-21) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കും വരെക്കും ചെലവു തുക 205860/- രൂപ തടസ്സത്തിൽ വക്കുന്നു.

## 1-52 അങ്കണവാടി പോഷകാഹാരം-യഥാർഥ ചെലവ് സുലേഖയിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 11/19-20 |
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 1400000 (800000- വികസന ഫണ്ട്-600000-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ്- | 1400000 (800000- വികസന ഫണ്ട്-600000-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെക്ക്നം - 2397521/26-10-19 (SB SBXY) | 78218 |
| ചെക്ക്നം - 794672/25-9-19 (Syndicate Bank) | 3122 |

പദ്ധതി പ്രകാരം ആകെ 1400000/- രൂപ ചെലവുണ്ട്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 1318660/- രൂപ ചെലവുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനും മേൽ ചെക്ക് പ്രകാരമുള്ള തുകകളുടെ വിതരണം രേഖപ്പെടുത്തിയ 59(E) ബിൽ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ടി സമയം 59(E) ബില്ലിന്റെ പകർപ്പ് സാംഖ്യയിൽ എടുക്കാൻ സാധിച്ചിരുന്നില്ല എന്നും നിലവിൽ ടി തുക സാംഖ്യ സൈറ്റിൽ ക്യാൻസൽഡ് സ്റ്റാറ്റസിൽ ഉൾപ്പെട്ടു കിടക്കുന്നതിനാൽ കോപ്പി എടുക്കാൻ സാധിക്കുന്നില്ല എന്നും വിശദീകരിച്ചിട്ടുണ്ട്.
ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 തെരുവ് വിളക്ക് പരിപാലനം - സർക്കാർ വ്യവസ്ഥകൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 201/20(SO) |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈററ് മെയിന്റനൻസ് |
| ബിൽ നമ്പർ | 19/19-20 തിയ്യതി-17-9-20, തുക 20655 |
| കരാറുകാരൻ | മണികണ്ഠൻ. പി |
| നിർവ്വഹണം | സെക്രട്ടറി |

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട 7-11-17 തിയ്യതിയിലെ 177/ഡി എ 3 /2016 തസ്വഭവ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പദ്ധതി നടത്തിപ്പിൽ പാലിച്ചതായി കാണുന്നില്ല.
1.AMC യിൽ പ്രവൃത്തി പൂർത്തീകരിച്ച തുകയ്ക്കുള്ള ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുകയിൽ നിന്നും 10% റീടെൻഷൻ തുക ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് ഈടാക്കിയില്ല.
2.തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ് ലൈസൻസുമുണ്ടാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫയലിലെ രേഖകൾ പ്രകാരം കരാറുകാരന് സി ക്ലാസ് ലൈസൻസ് ആണ് ഉള്ളത്.
3.കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷൂറൻസ് കമ്പനിയുമായി ധാരണയിൽ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷൂറൻസ് രേഖയും

ഹാജരാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ വാറൻറി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിയ്ക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിയ്ക്കുന്നില്ല. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ പരാമർശങ്ങൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ).

കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപിക്കുന്നതിന്റെയും അത് റീപ്ലേസ് ചെയ്തു കിട്ടുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നതിന്റെയും വിവരം, ഇപ്രകാരം തിരികെ ലഭിക്കുന്ന തെരുവ് വിളക്കുകളുടെ സൂക്ഷിപ്പിന്റെ വിവരം എന്നിവ ലഭ്യമല്ല. തെരുവ് വിളക്കുകളുടെ ഇനം, തരം, തിരിച്ച് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

7-11-17 തിയ്യതിയിലെ 177/ഡി എ 3 /2016 തസ്വഭവ സർക്കുലർ പ്രകാരം AMC യിൽ പ്രവൃത്തി പൂർത്തീകരിച്ച തുകയുള്ള ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുകയിൽ നിന്നും 10% റീ ടെൻഷൻ തുക ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് ഈടാക്കിയില്ല.

തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ് ലൈസൻസുമുണ്ടാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫയലിലെ രേഖകൾ പ്രകാരം കരാറുകാരന് സി ക്ലാസ് ലൈസൻസ് ആണ് ഉള്ളത്. കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷൂറൻസ് കമ്പനിയുമായി ധാരണയിൽ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷൂറൻസ് രേഖയും ഹാജരാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ വാറൻറി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിയ്ക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിയ്ക്കുന്നില്ല. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ പരാമർശങ്ങൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്)

കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപിക്കുന്നതിന്റെയും അത് റീപ്ലേസ് ചെയ്തു കിട്ടുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നതിന്റെയും വിവരം, ഇപ്രകാരം തിരികെ ലഭിക്കുന്ന തെരുവ് വിളക്കുകളുടെ സൂക്ഷിപ്പിന്റെ വിവരം എന്നിവ ലഭ്യമല്ല. തെരുവ് വിളക്കുകളുടെ ഇനം, തരം, തിരിച്ച് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-54 ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം

2006-07 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ 11 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു. ലഭ്യമാക്കിയ ഓഡിറ്റ് ഒബ്ജക്ഷൻ & റിക്കവറി രജിസ്റ്ററിൽ 2010-11 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല. നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 38/31 .08.2021). ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 149625 | സ്നേഹസ്പർശം | 149625 | 0 |
| ആകെ | 149625 | | 149625 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 119000 | കേദാരം-സമഗ്ര നെൽകൃഷി | 119000 | 0 |
| | 946480 | ലൈഫ് | 380155 | 566325 |
| | 200000 | പാലിന് സബ്സിഡി - വനിത | 100000 | 100000 |
| | 149625 | സ്നേഹസ്പർശം | 149625 | 0 |
| ആകെ | 1415105 | | 748780 | 666325 |

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 235671 | 217600 | 453271 | 217600 | 235671 | 235671 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 880300 | 1729505 | 2609805 | 1132180 | 1477625 | 1477625 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ(സാധാ)നമ്പർ320/2020/ തസ്വഭവ തീയതി 29.01.2020 | 14460000 | 1123305 | 0 | 0 | 1123305 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 8100000 | 8100000 | 882353 | 0 | 7217647 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 54606985 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52034307 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2503135 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 9,950 | ഡോ.ധന്യാദേവ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-24 | 5,79,989 | ശ്രീ.ശ്രീകുമാർ ജി.എസ്, എച്ച്.എം |
| 1-25 | 7,95,981 | ശ്രീ.ശ്രീകുമാർ ജി.എസ്, എച്ച്.എം |
| 1-26 | 1,50,000 | ശ്രീ.ശ്രീകുമാർ ജി.എസ്, എച്ച്.എം |
| 1-38 | 4,20,000 | ശ്രീമതി സുജ.ബി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-44 | 81,905 | ശ്രീ. സ്റ്റാർലി.ഒ.എസ്., സെക്രട്ടറി |
| 1-48 | 99,450 | ശ്രീമതി അരുണപ്രഭ.എ.ആർ., സെക്രട്ടറി |
| 1-49 | 1,60,000 | ശ്രീ. ചന്ദ്രഹാസൻ.ജി., സെക്രട്ടറി |
| 1-51 | 2,05,860 | ശ്രീ. ബിനു.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 25,03,135/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7-1 | 263300 | വിവിധ സെക്രട്ടറിമാർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുജ.ബി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | വന്തന്റെവിള, വക്കം.പി.ഒ. |
| ശ്രീ. സ്റ്റാർലി.ഒ.എസ്., സെക്രട്ടറി | സെക്രട്ടറി, കിഴുവിലം ഗ്രാമപഞ്ചായത്ത് | ലഭ്യമല്ല |
| ശ്രീമതി അരുണപ്രഭ.എ.ആർ., സെക്രട്ടറി | വിരമിച്ചു | ലഭ്യമല്ല |
| ശ്രീ. ചന്ദ്രഹാസൻ.ജി., | സെക്രട്ടറി, മറയൂർ | ഭാരതി മഹൽ. |

| | | |
|---|---|---|
| സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | പുത്തൻകടവ്, ചെറുന്നിയൂർ |
| ശ്രീ. ബിനു.എസ്., അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | ലഭ്യമല്ല |
| ശ്രീ.ശ്രീകുമാർ ജി.എസ്, എച്ച്.എം | ലഭ്യമല്ല | ഉജ്ജയനി, തോട്ടയ്ക്കാട് പി.ഒ, കല്ലമ്പലം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | - |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2406/18 തീയതി 07.12.2018 | 40 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/02/2020 തീയതി 28.01.2020 | 52 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്